KOTTAYAM PUBLIC LIBRARY

Call No 294.504 Acc. No 82239

Author വിവേകാനന്ദ സ്വാമികൾ

Title ചിക്കാഗോ പ്രസംഗങ്ങൾ

939

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

## Calling Urgent Attention

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

# ചിക്കാഗോ പ്രസംഗങ്ങൾ

KOTTAYAM PUBLIC LIBRARY * KOTTAYAM.
82239.

## ശ്രീ വിവേകാനന്ദസ്വാമികൾ

DISTRIBUTING LIBRARY
No. DM
3800
KOTTAYAM.

കറന്റ് ബുക്സ്
തൃശ്ശൂർ

ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ,
പുറനാട്ടുകര, തൃശ്ശൂർ.

ഒന്നാം പതിപ്പ്   ജനുവരി 1960   1650

പ്രകാശകൻ
**ഈശ്വരാനന്ദസ്വാമി,**
അദ്ധ്യക്ഷൻ,
ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ,
പുറനാട്ടുകര, P. O.,
തൃശ്ശൂർ.

294.504
VIV·C

തൃശ്ശിവപേരൂർ വിജയകേരള പ്രസ്സിൽ
അച്ചടിച്ചതു്

കവർ പ്രിൻടിങ്
ഓറിയൻറൽ പ്രിൻടേഴ്സ്

പകർപ്പവകാശം അദ്ധ്യക്ഷനു്

വില: 75 ന. പ.

82239.

## മുഖവുര

മാനവചരിത്രത്തിൽ മായാത്ത മുദ്ര പതിച്ച ഒരു ലോകമേള ചിക്കാഗോ നഗരത്തിൽവെച്ചു് 1893-ൽ നടക്കുകയുണ്ടായി. അതോടുകൂടി സെപ്റ്റംബർ 11 മുതൽ 27 വരെ—17 ദിവസം നീണ്ടുനിന്ന—ഒരു സവ്വരാഷ്ട്രമതമഹാസമ്മേളനവും നടന്നു. മതമഹാരഥന്മാർ എല്ലായിടത്തുനിന്നും വന്നു് അണിനിരന്നു. പ്രൗഢങ്ങളായ പ്രബന്ധങ്ങൾ ആയിരത്തോളം അവിടെ വായിക്കപ്പെട്ടു. ഏഴായിരത്തിനും പതിനായിരത്തിനുമിടയ്ക്കുവരുന്ന ബുദ്ധിശാലികൾ ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ വലിയ കൊളംബസ് ഹാളിൽ ഇരുന്നു് അതു മുഴുവൻ സശ്രദ്ധം കേട്ടു. തമ്മിൽ തല്ലി നശിച്ചും നശിപ്പിച്ചും കൊണ്ടിരുന്ന ഓരോ മതക്കാരും—പ്രത്യേകിച്ചു ക്രിസ്ത്യാനികൾ—ശ്രേഷ്ഠതയുടെ കുത്തകക്കാരാണു് തങ്ങളെന്നു ലോകസമക്ഷം കാണിച്ചുകൊടുക്കുവാനുള്ള സുവർണ്ണാവസരം കൈവന്നതായി ആഹ്ലാദിച്ചു (വിവേകാനന്ദവിജയംവരെ). അവരെല്ലാം അവരവരുടെ അധികൃതസംഘടനകളുടെ പ്രമാണപത്രങ്ങളും കൊണ്ടു വന്ന അംഗീകൃതപ്രതിനിധികളായിരുന്നു. അങ്ങനെയുള്ളവക്കേ സമ്മേളനത്തിൽ പ്രവേശനമുള്ളൂ. ഹിന്ദുമതത്തിന്റെ പ്രതിനിധിയോ? വെറും മുപ്പതു വയസ്സുകാരനായ ഒരു എളിയ സംന്യാസി—അനധികൃതൻ, അവിജ്ഞാതൻ, അനഭിമന്ത്രിതൻ. എങ്കിലും എരിതീയും ഉദയസൂര്യനും വിളങ്ങുന്നതുകാണാൻ കണ്ണു മാത്രം മതി. ഹാർവാർഡ് സർവ്വകലാശാലയിലെ ഗ്രീക്ക് പണ്ഡിതൻ സ്വാമിജിയെ യദൃച്ഛയാ കണ്ടു പരിചയപ്പെട്ടു. 'അമേരിക്കയിലെ കലാലയ പണ്ഡിതന്മാരുടെ ആകെത്തുകയെ അതിക്രമിച്ചവൻ' എന്നെഴുതി, അദ്ദേഹം, ശ്രീസ്വാമിജിയെ സമ്മേളന ഭാരവാഹികളുടെ മുമ്പിൽ അവതരിപ്പിച്ചു. സ്വമഹിമയുടെ ബലത്തിലും അധികാരത്തിലും തന്നെ സ്വാമിജി ഹിന്ദുമതപ്രതിനിധിയായി അംഗീകരിക്കപ്പെട്ടു. 1893 സെപ്റ്റംബർ 11-ാംനു ശ്രീ വിവേകാനന്ദസ്വാമികൾ സവ്വരാഷ്ട്രമതമഹാസമ്മേളനത്തിൽവെച്ചു ലോകസമക്ഷം പെട്ടെന്നു പ്രത്യക്ഷനായി, അഖിലലോകപ്രഖ്യാതനുമായി. ഭാരതത്തിന്റെ അദ്ധ്യാത്മബോധത്തിന്റെ ആകെത്തുക ആ മഹർഷിയിൽക്കൂടി ആവിർഭവിക്കുകയാണുണ്ടായതു്. സർവ്വാത്മഭാവം സാക്ഷാത്കരിച്ച ശ്രീ സ്വാമിജിയുടെ 'അമേരിക്കയിലെ സഹോദരീസഹോദരന്മാരേ' എന്ന സംബോധനയൊന്നു തന്നെ സദസ്യരുടെയെല്ലാം കരൾ കവന്നു; കരഘോഷംകൊണ്ടു്

ആ വിശാലശാല ഏറെ നേരം മാറ്റൊലികൊണ്ടു. തുടന്നുണ്ടായ പ്രസംഗം ചരിത്രം സൃഷ്ടിച്ചു. അതു വേദാന്തവൈജയന്തിയായിരുന്നു; സർവ്വമതസഞ്ജീവനിയായിരുന്നു, മതകലഹങ്ങളുടെ മരണമണിയുമായിരുന്നു. ആ അഞ്ചു മിനിട്ടു പ്രസംഗംകൊണ്ടു ഭാരതത്തിൻെറ വില വാനോളം ഉയന്നു. ആ സർവ്വലോകസംമാന്യതയിൽ ഭാരതം അഭിമാനംകൊണ്ടു പുളകമണിഞ്ഞു, ആവേശംകൊണ്ടലയടിച്ചു. യുവഭാരതത്തിനു് അതു സ്വാതന്ത്ര്യസമരസമാരംഭപ്രഖ്യാപനമായിരുന്നു.

സ്വാമിജിയുടെ തുടന്നുള്ള പ്രസംഗങ്ങൾ മതത്തിൻെറ തൊണ്ടും ചണ്ടിയും തിന്നുകഴിഞ്ഞവക്കു ചോറും ചാറും ചൊരിഞ്ഞുകൊടുത്തു. സ്വാമിജി വായിച്ച 'ഹിന്ദുധർമ്മം' എന്ന പ്രബന്ധം സാരസംഗ്രഹമായ ഒരു പ്രാമാണികരേഖതന്നെയാണു് ഇന്നും. വേദാന്തമതം സ്വയം വിലയുറ്റതും എല്ലാ മതങ്ങളേയും വിലവെയ്ക്കുന്നതും സർവ്വധർമ്മപ്രകാശവുമായ വിശ്വമതമായി അമേരിക്ക കണ്ടെങ്കിൽ—അതിൻെറ ഫലമായി, ഇന്നു്, ജനസംഖ്യക്കണക്കനുസരിച്ചു് അറുപതു ലക്ഷം വേദാന്തികൾ അമേരിക്കയിലുണ്ടെന്നു കേൾക്കുന്നെങ്കിൽ—അതിൽ അത്ഭുതത്തിനവകാശമില്ല.

സ്വാമിജി പൊതുസമ്മേളനത്തിലും അതിൻെറ ശാസ്ത്രീയവിഭാഗത്തിലും (Scientific section) പലതവണ പ്രസംഗിച്ചിട്ടുണ്ടെങ്കിലും ഇത്രമാത്രമേ കാര്യമായി കണ്ടുകിട്ടിയിട്ടുള്ളു. അത്യല്പമായ പത്രറിപ്പോർട്ടുകൾ വേറെ ഇല്ലാതില്ല.

ചിക്കാഗോവിലെ വിവേകപാഞ്ചജന്യം കേട്ടുണന്ന ന്യൂയോക്ക് ഹെറാൾഡ് എന്ന പ്രമുഖ യാഥാസ്ഥിതിക പത്രം പറഞ്ഞുപോയി:

"സർവ്വമതമഹാസമ്മേളനത്തിലെ ഏറ്റവും മഹാനായ വ്യക്തിയാണു് അദ്ദേഹം. അദ്ദേഹത്തിൻെറ പ്രസംഗം കേട്ടിട്ടു്, ഇത്ര പഠിപ്പുള്ള ജനതയുടെ ഇടയിലേയ്ക്കു പാതിരിമാരെ അയയ്ക്കുന്നതു് എത്രയോ വിഡ്ഢിത്തമാണെന്നു ഞങ്ങൾക്കു തോന്നുന്നു."

ഈ ചിക്കാഗോ പ്രസംഗങ്ങളുടെ വിവത്തനമാണു് ഇതു്. ശാസ്ത്രവാക്യങ്ങൾ ചുവട്ടെഴുത്തായി ഞങ്ങൾ വിശേഷാൽ ചേത്തിട്ടുള്ളതാണു്. ഇതൊരു പാഠപുസ്തകം കൂടെയായി പരക്കെ പഠിക്കപ്പെടുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ
21—1—1960.

പ്രസാധകന്മാർ.

822.39.

## വിഷയാനുക്രമണിക


| | പേജ് |
|---|---|
| മുഖവുര | iii |
| ഗ്രന്ഥസൂചി | vi |
| സ്വാഗതത്തിനു മറുപടി | 7 |
| നാം വിയോജിക്കുന്നതു് എന്തുകൊണ്ടു്? | 10 |
| ഹിന്ദുധമ്മം | 12 |
| മതമല്ല ഭാരതത്തിനിപ്പോഠം ആവശ്യം | 41 |
| ബുദ്ധമതം ഹിന്ദുമതത്തിൻെറ പരിപൂത്തി | 42 |
| സമാപനസമ്മേളനത്തിലെ പ്രസംഗം | 45 |


DISTRIBUTING LIBRARY
No.....................
KOTTAYAM.

## മുഖചിത്രം

ശ്രീ വിവേകാനന്ദസ്വാമികൾ സവ്വരാഷ്ട്രമതമഹാസമ്മേളനത്തിൽ പ്രസംഗിക്കുന്നു. സമ്മേളനം നടന്ന ചിക്കാഗോയിലെ ആട്ട് ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലമായി കാണാം.

# ഗ്രന്ഥസൂചി

| | |
|---|---|
| ഈ. | ഈശാവാസ്യോപനിഷത്. |
| ഋ. | ഋഗ്വേദം. |
| ഐ. | ഐതരേയോപനിഷത്. |
| ഐ. ശം. ഭാ. | ഐതരേയോപനിഷത്ശംകരഭാഷ്യം. |
| ക. | കഠോപനിഷത്. |
| കേ. | കേനോപനിഷത്. |
| ഗീ. | ഗീത. |
| ഛാ. | ഛാന്ദോഗ്യോപനിഷത്. |
| തൈ. | തൈത്തിരീയോപനിഷത്. |
| തൈ. ആ. | തൈത്തിരീയ ആരണ്യകം. |
| ദേ. ഭാ. | ദേവീഭാഗവതം. |
| നാ. | നാരായണാനുവാകം. |
| നാ ഭ. സൂ. | നാരദഭക്തിസൂത്രം. |
| പു സൂ. | പുരുഷസൂക്തം. |
| പ്ര. | പ്രശ്നോപനിഷത്. |
| ബൃ. | ബൃഹദാരണ്യകോപനിഷത് |
| ബ്ര. സൂ. | ബ്രഹ്മസൂത്രം. |
| ബ്ര. സൂ. ശം. ഭാ. | ബ്രഹ്മസൂത്രശംകരഭാഷ്യം |
| ഭാ. | ഭാഗവതം. |
| മ. | മനുസ്മൃതി. |
| മ. നി. ത. | മഹാനിർവ്വാണതന്ത്രം. |
| മ. ഭാ. | മഹാഭാരതം. |
| മാ. | മാണ്ഡൂക്യോപനിഷത്. |
| മു. | മുണ്ഡകോപനിഷത്. |
| യോ. ദ. | യോഗദർശനം. |
| വാ. | വാത്സ്യായനസ്മൃതി. |
| ശി. | ശിവമഹിമ്നഃസ്തോത്രം. |
| ശിക്ഷാ. | ശിക്ഷാഷ്ടകം (ചൈതന്യദേവകൃതം) |
| ശി. ല. | ശിവാനന്ദലഹരി. |
| ശു. യ. | ശുക്ലയജുർവ്വേദം |
| ശ്വേ. | ശ്വേതാശ്വതരോപനിഷത്. |

# ചിക്കാഗോ പ്രസംഗങ്ങൾ

## സ്വാഗതത്തിനു മറുപടി

(1893 സെപ്തംബർ 11)

82239

അമേരിക്കയിലെ സഹോദരീസഹോദരന്മാരേ,

നിങ്ങളുടെ ആവേശപൂർവ്വവും ഹൃദയംഗമവുമായ സ്വാഗതത്തിനു മറുപടി പറയാൻ എണീററ എന്റെ ഹൃദയം അനിർവ്വചനീയമായ ആനന്ദംകൊണ്ടു് നിറഞ്ഞു തുളുമ്പുന്നു. ലോകത്തിലേക്കു് ഏറ്റവും പുരാതനമായ സംന്യാസിപരമ്പരയുടെ പേരിൽ ഞാൻ നിങ്ങൾക്കു നന്ദി പറഞ്ഞുകൊള്ളുന്നു; സർവ്വധർമ്മസവിത്രിയുടെ പ്രതിനിധിയായി ഞാൻ നിങ്ങൾക്കു നന്ദി പറയുന്നു. കൂടാതെ, നാനാവർണ്ണാശ്രമസമ്പ്രദായങ്ങളിൽപെട്ട ലക്ഷോപലക്ഷം ഹിന്ദുജനതയുടെ പേരിലും ഞാൻ നിങ്ങളോടു നന്ദി പറയുന്നു.

സഹിഷ്ണുതയുടെ സന്ദേശം വിവിധ ദേശങ്ങൾക്കും നല്കിയവരെന്ന ബഹുമതിക്കു് പൌരസ്ത്യപ്രതിനിധികൾ തികച്ചും അർഹന്മാരെന്നു് ചിലർ ഇവിടെ പ്രസംഗിക്കുകയുണ്ടായല്ലോ—അവർക്കും എന്റെ കൃതജ്ഞത. സർവ്വധർമ്മങ്ങളോടും സഹിഷ്ണുതക്കു പുറമേ അനുമോദനവുംകൂടെ ലോകത്തിനുപദേശിച്ച ഒരു മതത്തിന്റെ അനുയായി എന്നുള്ളതിൽ ഞാൻ അഭിമാനംകൊള്ളുന്നു. ഞങ്ങൾ സാർവ്വജനീനസഹിഷ്ണുതയിൽ വിശ്വസിക്കുകമാത്രമല്ല, സർവ്വധർമ്മങ്ങളും സത്യമെന്നു സ്വീകരിക്കുകയുംകൂടെ ചെയ്യുന്നു. ഞാനുൾപ്പെട്ട മതത്തിന്റെ തിരുമൊഴിയായ സംസ്കൃതത്തിലേക്കു് exclusion (എക്സ്ക്ലൂഷൻ—ഒഴിച്ചുനിർത്തൽ) എന്ന പദം പരിഭാഷപ്പെടുത്താൻ നിവൃത്തിയില്ല എന്നു നിങ്ങളെ അറിയിക്കുന്നതിൽ എനിക്കു് അഭിമാനമുണ്ടു്. ലോകത്തിലെ സർവ്വധർമ്മങ്ങളിൽനിന്നും സർവ്വ രാജ്യങ്ങളിൽനിന്നും വന്ന് മർദ്ദിതർക്കും അശരണർക്കും അഭയം അരുളിയ ജനതയാണു് എന്റേതു് എന്നതിൽ ഞാൻ അഭിമാനിക്കുന്നു. റോമൻ മർദ്ദനംമൂലം യഹൂദരുടെ പുണ്യക്ഷേത്രം അടിച്ചുടയ്ക്കപ്പെട്ട അതേ കൊല്ലം തന്നെ ദക്ഷിണേന്ത്യയിൽവന്നു് അഭയം പ്രാപിച്ച ആ ഇസ്രയേൽവർഗ്ഗത്തിന്റെ

കലപ്പ്ററ പരിശിഷ്ടം ഞങ്ങളുടെ ഇടയിൽതന്നെ ഉണ്ടെന്നും നിങ്ങളോടു പറയുവാൻ എനിക്ക് അഭിമാനമുണ്ട്. അതുപോലെ, മഹിമയുററ ജരദ്രുഷ്ട്രജനതയ്ക്കു് അഭയം നല്കിയതും അവരുടെ അവശിഷ്ടത്തെ പോററിപ്പോരുന്നതുമായ മതത്തിലുൾപ്പെട്ടവനാണ്, എന്നതിലും ഞാൻ അഭിമാനിക്കുന്നു. അല്ലയോ സഹോദരരേ, ശൈശവം മുതൽ ഞാൻ ചൊല്ലാറുള്ളതും ലക്ഷക്കണക്കിന് ആളുകൾ എന്നും ചൊല്ലി വരുന്നതും ആയ ഒരു സ്തോത്രത്തിൽനിന്നും ചില വരികൾ ഞാൻ നിങ്ങളെ കേൾപ്പിക്കാം: "പലയിടങ്ങളിൽ ഉൽഭവിച്ച വിവിധ നദികളിലെ വെള്ളം ഒരേ കടലിൽ കലന്നൊന്നാകുന്നതുപോലെ, അല്ലയോ പരമേശ്വര! ആളുകൾ ആശ്രയിക്കുന്ന വഴികളെല്ലാം, രുചിവൈചിത്ര്യംകൊണ്ടു നേരെയാകട്ടെ, വളഞ്ഞതാകട്ടെ, ഒടുവിൽ അങ്ങയിൽതന്നെ വന്നുചേരുന്നു.[1]"

അഭൂതപൂർവ്വമായ ഈ ഗംഭീര സമ്മേളനംതന്നെ വിശിഷ്ടമായ ഒരു ഗീതാതത്വത്തെ ഊന്നി ഉറപ്പിക്കുകയും ലോകത്തോട് ഉറച്ചു ഘോഷിക്കുകയും ആണ് ചെയ്യുന്നതു്: "ആരുതന്നെയും ഏതു ഭാവത്തിലൂടെ വന്നാലും ഞാൻ അവരെ പ്രാപിക്കുന്നു; അവസാനം എന്നിലെത്തുന്ന വഴികളിൽക്കൂടെത്തന്നെയാണ് എല്ലാവരും തിക്കിത്തിരക്കുന്നതു്.[2]" മതപരമായ കാര്യങ്ങളിൽ ചേരിതിരിയലും വിശ്വാസപ്രമാണങ്ങളിൽ കണ്ണടച്ചുള്ള കടുംപിടുത്തവും ഈ രണ്ടിൻെറയും ഭയങ്കരസന്തതിയായ മതഭ്രാന്തുംകൂടെ സുന്ദരമായ ഈ പാരിടത്തെ ഏറെക്കാലമായി കൈയടക്കിയിരിക്കുകയാണ്. അവ, ലോകമൊട്ടുക്കു് അക്രമം വിതച്ചു, മനുഷ്യരക്തത്തിൽ ഭൂമിയെ പലവുരു സേചനംചെയ്തു; സംസ്കാരത്തെ സംഹരിച്ചു, ജനതകളെ മുഴവനോടെ നൈരാശ്യത്തിലേക്കു് തള്ളിവിടുകയും ചെയ്തു. ഈ കൊടുംപിശാചുക്കൾ ഇല്ലായിരുന്നെങ്കിൽ മനുഷ്യസമുദായം ഇതിലും എത്രയേറെ പുരോഗമിക്കുമായിരുന്നു!

---

1 ത്രയീ സാംഖ്യം യോഗഃ പശുപതിമതം വൈഷ്ണവമിതി
പ്രഭിന്നേ പ്രസ്ഥാനേ പരമിദമദഃ പഥ്യമിതി ച
രുചീനാം വൈചിത്ര്യാദൃജുകുടിലനാനാപഥജുഷാം
നൃണാമേകോ ഗമ്യസ്ത്വമസി പയസാമർണ്ണവ ഇവ. (ശി. 7)

2 യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം
മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ സർവ്വശഃ. (ഗീ. 4.11)

എന്നാൽ അവരുടെ അന്ത്യം ആയിക്കഴിഞ്ഞു. ഈ സമ്മേളനത്തിൻെറ ബഹുമാനാൎത്ഥം ഇന്നു പുലർകാലത്തു മുഴങ്ങിയ മണി എല്ലാത്തരം മതഭ്രാന്തിൻെറയും, വാളുകൊണ്ടോ, പേനകൊണ്ടോ ഉള്ള എല്ലാ പീഡനങ്ങളുടെയും, ഒരേ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്ന മനുഷ്യരുടെയിടയിലെ എല്ലാ ദൗർമനസ്യങ്ങളുടെയും മരണമണിയായിരിക്കട്ടെ എന്നു ഞാൻ അകമഴിഞ്ഞു് ആശിക്കുന്നു.

DISTRIBUTING LIBRARY
No.............
KOTTAYAM.

## നാം വിയോജിക്കുന്നതു് എന്തുകൊണ്ടു് ?

(1893, സെപ്റ്റംബർ 15)

ഞാനൊരു ചെറിയ കഥ പറയാം. 'പരസ്പരം ചീത്ത വിളിക്കുന്നതിൽനിന്നു് നമുക്കു വിരമിക്കാം', എന്നു് ഇപ്പോൾ പ്രസംഗം നിത്തിയ വലിയ വാഗ്മി പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. ഇത്രയേറെ പൊരുത്തക്കേടു് എപ്പോഴും ഉണ്ടായിരിക്കുന്നതിൽ അദ്ദേഹം വളരെ പരിതപിക്കുകയും ചെയ്തു.

ഈ പൊരുത്തക്കേടിന്റെ കാരണം കാണിച്ചുതരുന്ന ഒരു കഥ പറയാൻ ഞാൻ വിചാരിക്കുന്നു. ഒരു കിണറ്റിൽ ഒരു തവള പാർത്തിരുന്നു. അതു് അവിടെ താമസമായിട്ടു് വളരെക്കാലമായിരുന്നു. അവിടെപ്പിറന്നു് അവിടെത്തന്നെ അതു വളന്നു; ഇനിയും അതു് ഒരു ചെറുതവള മാത്രമായിരുന്നു. ആ തവളയുടെ കണ്ണു് പോയോ ഇല്ലയോ എന്നു പറയാൻ അന്നു് പരിണാമവാദികൾ തീച്ചയായും അവിടെ ഉണ്ടായിരുന്നില്ല. ഏതായാലും നമ്മുടെ കഥയ്ക്കു് ഇത്രയും സമ്മതിച്ചേ ഒക്കൂ: അതിനു് കണ്ണുണ്ടായിരുന്നു; ദിവസവും അതു് അവിടെ ഉണ്ടായിരുന്ന കൃമികീടങ്ങളെയെല്ലാം തിന്നു് വെള്ളം വെടിപ്പാക്കിപ്പോന്നു—ഇക്കാര്യത്തിൽ ഇന്നത്തെ അണുജീവതത്വജ്ഞന്മാക്കുപോലും ശ്ലാഘ്യമായ ഉത്സാഹം അതു പ്രകടിപ്പിച്ചിരുന്നു. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞു; തവള തെല്ലു തടിച്ചുകൊഴുത്തു. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു കടൽത്തവള വന്നു് ഈ കിണററിൽ വീണു.

"നീ എവിട്ടുന്നു്"?

"ഞാൻ കടലിൽനിന്നു്".

"കടലോ! അതെത്ര വല്യതാണു്? എന്റെ ഈ കിണററിനോളം വല്യതാണോ?" ഇത്രയും പറഞ്ഞു് അതു കിണററിന്റെ ഒരു വശത്തുനിന്നു മറുവശത്തേക്കു് ഒരു ചാട്ടം.

"എന്റെ ചങ്ങാതീ", കടൽത്തവള പറയുകയാണു്, "എങ്ങനെയാണു് ഈ കൊച്ചുകിണററിനോടു കടലിനെ താരതമ്യം ചെയ്യുന്നതു്?"

ഒരു ചാട്ടംകൂടെ; എന്നിട്ടു ചോദിച്ചു: "നിന്റെ കടലു് ഇത്രയുമുണ്ടോ?"

“എന്തൊരസംബന്ധമാണു് നീ പറയുന്നതു്? കടലിനെ നിന്റെ കിണറിനോട്ട താരതമ്യം ചെയ്യുകയോ!”

“കൊള്ളാം”, കൂപമണ്ഡൂകം പറയുകയാണു്, “എന്റെ കിണററിനേക്കാൾ വല്യതൊന്നും ഇല്ല; ഇതിനേക്കാൾ വല്യതൊന്നും ഉണ്ടാകുക സാദ്ധ്യമല്ല; ഇവൻ കള്ളൻ, ഇവനെ ഇവിടെനിന്നു ചാടിക്കുകതന്നെ”.

ഇതായിരുന്നു, ഇതുവരെ ഉണ്ടായിരുന്ന കുഴപ്പം.

ഞാനൊരു ഹിന്ദു. ഞാൻ എന്റെ കൊച്ചുകിണററിൽ ഇരിക്കുകയാണു്; ഈ കിണറു തന്നെയാണു് ലോകം മുഴവനെന്നു ഞാൻ വിചാരിക്കുന്നു. ക്രിസ്ത്യൻ അവന്റെ ചെറുകിണററിൽ; വിചാരമോ അവന്റെ കിണറുതന്നെയാണു് ഈ ലോകമെല്ലാമെന്നു്. മഹമ്മദൻ അവന്റെ കിണററിൽ; അവനും ലോകം മുഴവൻ അതുതന്നെ. ഈ കൊച്ചുലോകത്തിലെ പ്രതിബന്ധങ്ങളെ തകർത്തുവീഴ്ത്തുവാൻ ചെയ്യുന്ന മഹത്തായ പരിശ്രമത്തിനു് അമേരിക്കയിലെ നിങ്ങൾക്കെല്ലാം ഞാൻ നന്ദിപറയേണ്ടിയിരിക്കുന്നു. ഭാവിയിൽ, നിങ്ങളുടെ ഉദ്ദിഷ്ടസാദ്ധ്യത്തിനു ഭഗവാൻ തുണക്കുമെന്നു ഞാൻ ആശിക്കുന്നു.

## ഹിന്ദുധർമ്മം

(1893 സെപ്ററംബർ 15-ാംനു സർവ്വധർമ്മമഹാസമ്മേളനത്തിൽ വായിച്ച പ്രബന്ധം)

### കരുത്തുള്ള മതം

ഹിന്ദുമതം, ജരദുഷ്ടമതം, യഹൂദമതം എന്നീ മൂന്നു മതങ്ങൾ ചരിത്രത്തിനു വിഷയമല്ലാത്ത പുരാതനകാലം മുതൽ ഇന്നും ലോകത്തിൽ നിലനില്ക്കുന്നു. അവയെല്ലാം അതിഭയങ്കരങ്ങളായ ആഘാതങ്ങൾ കിട്ടിയിട്ടും അതിനെയൊക്കെ അതിജീവിച്ച് തങ്ങളുടെ അകക്കരുത്തിനെ അവയെല്ലാംതന്നെ തെളിയിക്കുന്നുണ്ട്. തന്നിൽനിന്നും ഉണ്ടായ ക്രിസ്തുമതത്തെ തന്നിൽ ഒതുക്കിനിർത്താൻ കഴിയാതെ യഹൂദമതം ആ സർവ്വജൈത്രിയായ പുത്രിയാൽ അതിൻെറ ജന്മഭൂമിയിൽനിന്നുതന്നെ ഓടിക്കപ്പെട്ടു. ജരദുഷ്ടമതത്തിൻെറ കഥ പറയാൻ ഒരുപിടി പാഴ്സികൾമാത്രമാണ് ഇപ്പോൾ അവശേഷിച്ചിട്ടുള്ളതു്. ഭാരതഖണ്ഡത്തിലാകട്ടെ, അവാന്തരമതങ്ങൾ ഒന്നിനു പുറകെ ഒന്നായി ഉയർന്ന്, വൈദികധർമ്മത്തെ അടിയോടെ ഉലയ്ക്കുന്ന മട്ടായി. എന്നാൽ, ഉഗ്രമായ ഭൂകമ്പത്തിൽ കടൽത്തീരത്തുള്ള വെള്ളംപോലെ, അതു് അല്പനേരത്തേക്കു മാത്രമേ പിൻവാങ്ങിയുള്ളു. പിന്നെ, അതു്, ആകെ വിഴുങ്ങുന്ന ഒഴുകിയേറ്റത്തോടും ആയിരം മടങ്ങു മുഷ്ക്കോടും മടങ്ങിവന്നടിച്ചുകേറി. ഒഴുക്കിൻെറ തിരക്കും ബഹളവും ഒക്കെ അടങ്ങിയപ്പോഴേക്ക് അവാന്തരവിഭാഗങ്ങൾ എല്ലാം നിശ്ശേഷം ഗ്രസിക്കപ്പെട്ട് മാതൃമതത്തിൻെറ ബൃഹത്തായ ശരീരത്തിൽ ചേർന്നു ലയിക്കുകയും ചെയ്തിരുന്നു.

### വിശാലത

ഭൌതികശാസ്ത്രത്തിൻെറ നവീനദർശനങ്ങൾ എന്തിൻെറ മാറെറാലി മാത്രമെന്നു് തോന്നുന്നുവോ, ആ വേദാന്തശാസ്ത്രത്തിൻെറ അത്യുന്നതാദ്ധ്യാത്മവിചാരങ്ങൾ തുടങ്ങി പലപല നാടോടിപ്പുഴം കഥകളിൽ പെട്ടു കിടക്കുന്ന താഴ്ന്നതരം വിഗ്രഹാരാധനയും, ബൌദ്ധന്മാരുടെ അജ്ഞേയവാദവും ജൈനരുടെ നാസ്തിക്യവും വരെ എല്ലാത്തിനും[1] ഹിന്ദുമതത്തിൽ സ്ഥാനമുണ്ട്.

---

1 ഭാരതീയതത്വചിന്ത രണ്ടു വഴിക്കാണ് പോകുന്നതു്: ആസ്തികവും നാസ്തികവും. വേദങ്ങളെ പ്രമാണമായി സ്വീകരിക്കുന്ന ആറ് ആസ്തികദർശന

എന്നാൽ ഇവിടെ ഒരു ചോദ്യം തലയുയർത്തുന്നു: ഇത്രയ്ക്കക ന്നുപോകുന്ന ഈ ആരങ്ങളെല്ലാം ഒന്നുചേരുന്ന പൊതുകേന്ദ്രം എവിടെ? തമ്മിൽ ഇണങ്ങുമെന്നു വിചാരിക്കാൻ ഒരു രക്ഷയുമില്ലാത്ത മട്ടിൽ അത്ര പരസ്പരവിരുദ്ധങ്ങളായ ഇവയ്ക്കു് നിലയുറപ്പിക്കാനുള്ള പൊതുവായ അടിസ്ഥാനം ഏതു്? ഈ ചോദ്യത്തിനാണു് ഞാനിപ്പോൾ സമാധാനം പറയുവാൻ ഉദ്യമിക്കുന്നതു്.

### വേദങ്ങളും ഋഷികളും

ഹിന്ദുക്കൾക്കു് അവരുടെ മതം കിട്ടിയിരിക്കുന്നതു് ശ്രുതിയിൽനിന്നാണു്[1] —വേദങ്ങളിൽനിന്നു്. വേദങ്ങൾക്കു് ആദിയും അന്തവും ഇല്ലെന്നാകുന്നു[2] അവരുടെ വിശ്വാസം. ഒരു പുസ്തകത്തിനു് തുടക്കമോ ഒടുക്കമോ ഇല്ലെന്നുള്ളതു് ഈ സദസ്സിനു പരിഹാസ്യമായിത്തോന്നിയേക്കാം. എന്നാൽ വേദങ്ങൾ എന്നു പറയുന്നതു് ഒരു പുസ്തകവുമല്ല. ഓരോ കാലത്തു് ഓരോ ആളുകൾ ദർശിച്ചിട്ടുള്ള[3] അദ്ധ്യാത്മതത്വങ്ങൾ ആകെക്കൂടിപ്പെരുകിയ നിധിയെന്നാണു് 'വേദങ്ങൾ' എന്നതുകൊണ്ടു ധരിക്കേണ്ടതു്. വസ്തുക്കൾ അന്യോന്യം ആകർഷിക്കുമെന്ന നിയമം അതു് അറിയപ്പെടുന്നതിനു മുമ്പും ഉണ്ടായിരുന്നു, മനുഷ്യരൊക്കെ അതു മറന്നാലും ഉണ്ടായിരിക്കുകയും ചെയ്യും. അതുപോലെതന്നെയാണു് അദ്ധ്യാത്മലോകത്തിലെ നിയമങ്ങളും. ജീവാത്മാവും ജീവാത്മാവും തമ്മിലും, ജീവാത്മാവും പരമാത്മാവും തമ്മിലും ഉള്ള നീതിപരവും, ധാർമ്മികവും, ആദ്ധ്യാത്മികവുംആയ സംബന്ധവും, അവയെ ദർശിക്കുന്നതിനുമുമ്പു് ഉണ്ടായിരുന്നതാണു്; നാം അവയെ വിസ്മരിച്ചാൽതന്നെയും അവ നിലനില്ക്കുകയും ചെയ്യും.

---

ങ്ങൾ: ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ (വേദാന്തം); വേദങ്ങളെ പ്രമാണമാക്കാത്ത ആറു നാസ്തികദർശനങ്ങൾ: ചാർവ്വാകമതം, ജൈനമതം, (സർവ്വശൂന്യവാദം, വിജ്ഞാനവാദം, ബാഹ്യാനുമേയവാദം, സർവ്വാസ്തിത്വവാദം എന്നീ) നാലിനങ്ങളിൽപെട്ട ബുദ്ധമതം.

1 ധർമ്മം ജിജ്ഞാസമാനാനാം പ്രമാണം പരമം ശ്രുതിഃ
ശ്രുതിസ്തു വേദോ വിജ്ഞേയോ ധർമ്മശാസ്ത്രം തു വൈ സ്മൃതിഃ. (മ. 2.13)

2 അനാദിനിധനാ നിത്യാ വാഗുത്സൃഷ്ടാ സ്വയംഭുവാ
ആദൗ വേദമയീ ദിവ്യാ യതഃ സർവ്വാഃ പ്രവൃത്തയഃ. (മ. ഭാ. ശാ. 232.24)

3 യുഗാന്തേഽന്തർഹിതാൻ വേദാൻ സേതിഹാസാൻ മഹർഷയഃ
ലേഭിരേ തപസാ പൂർവ്വമനുജ്ഞാതാഃ സ്വയംഭുവാ. (മ. ഭാ. ശാ. 210.19)

ഈ നിയമങ്ങളുടെ ദ്രഷ്ടാക്കളെ ഋഷികൾ[1] എന്നു വിളിക്കുന്നു; പൂർണ്ണന്മാരെന്ന നിലയിൽ അവരെ ഞങ്ങൾ പൂജിക്കുകയും[2] ചെയ്യുന്നു. അവരിൽ ഏറ്റവും മഹിമയുള്ളവരിൽ ചിലർ സ്ത്രീകൾ[3] ആയിരുന്നു എന്നു് ഈ സദസ്സിനെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ടു്.

### സൃഷ്ടി: അനാദി, അനന്തം

നിയമങ്ങൾ എന്ന നിലയിൽ ഈ നിയമങ്ങൾക്കു് അവസാനമില്ലായിരിക്കാമെങ്കിലും ഒരു ആദി ഉണ്ടായിരുന്നിരിക്കണം എന്നു് ഇവിടെ ഒരു വാദം വന്നേക്കാം. സൃഷ്ടിക്കു് ആദിയോ അന്തമോ ഇല്ലെന്നു വേദങ്ങൾ ഉപദേശിക്കുന്നു. വിശ്വശക്തിയുടെ ആകെത്തുകക്കു് ഏറ്റക്കുറച്ചിലില്ലെന്നു ഭൌതികശാസ്ത്രം തെളിയിച്ചിട്ടുള്ളതായി പറയപ്പെടുന്നു. അപ്പോൾ, ഒന്നും ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നെങ്കിൽ, ഈ വ്യക്തശക്തിയെല്ലാം അന്നു് എവിടെ ആയിരുന്നു? അതു് ഈശ്വരനിൽ അവ്യക്തമായിരുന്നു എന്നു ചിലർ പറയുന്നു. എങ്കിൽ ഈശ്വരൻ ചിലപ്പോൾ അവ്യക്തശക്തിയും ചിലപ്പോൾ വ്യക്തശക്തിയും ആകും; അങ്ങനെ ഈശ്വരൻ വികാരിയാകും. വികാരമുള്ളതെല്ലാം ഒരു കൂട്ടാണു്; കൂട്ടെല്ലാംതന്നെ വിനാശമെന്ന പരിണാമത്തിനു വിധേയമാണു്. അതിനാൽ ഈശ്വരനു നാശമുണ്ടെന്നു വരും; ഇതബദ്ധം. അതുകൊണ്ടു് സൃഷ്ടി ഇല്ലാതിരുന്ന കാലം ഒരിക്കലുമില്ലായിരുന്നു.

ഇവിടെ ഒരു ഉപമയെടുക്കാം: സൃഷ്ടിയും സ്രഷ്ടാവും രണ്ടു സമാന്തരരേഖകളാണു്—ആദിയും അന്തവും ഇല്ലാതെ[4] തമ്മിൽ ഒരേ അന്തരത്തിൽ അവ പോകുകയാണു്. സ്വമഹിമകൊണ്ടു ബ്രഹ്മാണ്ഡപരമ്പരകൾ അവ്യക്തത്തിൽനിന്നു പ്രകാശിപ്പിച്ചു കുറെക്കാലം പ്രവർത്തിപ്പിച്ചു് ഒടുവിൽ സംഹരിച്ചുകളയുന്ന ഈശ്വരൻ സ

1 അജാൻ ഹ വൈ പൃശ്നീംസ്തപസ്യമാനാൻ
ബ്രഹ്മ സ്വയംഭ്വഭ്യാനർഷത്തദൃഷയോ ƒ ഭവൻ. (തൈ. ആ. 3.2.1)

2 ത്വം ഹി നഃ പിതാ യോ ƒ വിദ്യായാഃ പരം പാരം താരയസി
നമഃ പരമൃഷിഭ്യോ നമഃ പരമൃഷിഭ്യഃ. (പ്ര. 6.7)

3 വാക്, അപാലാ, വിശ്വവാരാ, ആംഭൃണീ മുതലായവർ

4 ന രൂപമസ്യേഹ തഥോപലഭ്യതേ
നാന്തോ ന ചാദിർന്ന ച സംപ്രതിഷ്ഠാ. (ഗീ. 15.3)

ദാ കമ്മനിരതനാണ്; സവ്വസന്ദായകനാണ്[1]. ഇതാണ് ബ്രാഹ്മണബാലൻ എന്നും ജപിക്കുന്ന മന്ത്രം: "അതീതകല്പങ്ങളിലെ സൂര്യ്യചന്ദ്രന്മാരെപ്പോലെ ഈ സൂര്യ്യചന്ദ്രന്മാരെയും ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്നു."[2]

## ആത്മാവിൻെറ നിത്യത്വം

ഇതാ ഞാൻ ഇവിടെ നില്ക്കുന്നു. ഞാൻ കണ്ണടച്ച് 'ഞാൻ', 'ഞാൻ', 'ഞാൻ', എന്ന് എൻെറ ഉണ്മയെ കല്പിക്കാൻ ശ്രമിക്കുമ്പോൾ എന്താശയമാണ് എൻെറ മുമ്പിൽ വരുന്നത്? ശരീരമെന്ന്. അപ്പോൾ, ഞാൻ പല ഭൌതികവസ്തുക്കളുടെ ഒരു കൂട്ടമാത്രമാണെന്നോ? അല്ലെന്നു വേദഘോഷം: ഞാൻ ശരീരത്തിൽ വസിക്കുന്ന ആത്മാവാണ്; ഞാൻ ദേഹമല്ല. ദേഹം നശിക്കും, എന്നാൽ എനിക്കു നാശമില്ല[3]. ഞാൻ ഇതാ ഈ ശരീരത്തിലാണ്. ഇതു വീണുപോകും, ഞാൻ തുടന്നു ജീവിക്കും[4]. ഒരു കഴിഞ്ഞ കാലവും എനിക്കുണ്ടായിരുന്നു. ആത്മാവു നിമ്മിക്കപ്പെട്ടതല്ല[5]. നിമ്മാണമെന്നാൽ കൂട്ടെന്നത്ഥം; കൂട്ടൊക്കെ പിന്നൊരിക്കൽ തീച്ച്യായും അഴിയണം. അതുകൊണ്ട് ആത്മാവു നിമ്മിതമാണെങ്കിൽ അതു നശിച്ചേ ഒക്കൂ. ചിലർ ഭാഗ്യവാന്മാരായി ജനിക്കുന്നു—അവരുടെ ശരീരത്തിന്നു നല്ല അഴക്, മനസ്സിനു നല്ല ചൊടി, വേണ്ടതെല്ലാം അവക്കു വന്നുചേരുന്നു—അങ്ങനെ പൂണ്ണമായ ആരോഗ്യം അവർ ആസ്വദിക്കുന്നു. വേറെ ചിലർ ജനിക്കുന്നതുതന്നെ ദുഃഖത്തോടെ; ചിലക്കു കയ്യില്ല അല്ലെങ്കിൽ കാലില്ല;

---

1 അനാദ്യനന്തം കലിലസ്യ മദ്ധ്യേ
വിശ്വസ്യ സ്രഷ്ടാരമനേകരൂപം
വിശ്വസ്യൈകം പരിവേഷ്ടിതാരം
ജ്ഞാത്വാ ദേവം മുച്യതേ സവ്വപാശൈഃ. (ശ്വേ. 5.13)
അവ്യക്താദ്‌വ്യക്തയഃ സവ്വാഃ പ്രഭവന്ത്യഹരാഗമേ
രാത്ര്യാഗമേ പ്രലീയന്തേ തത്രൈവാവ്യക്തസംജ്ഞകേ. (ഗീ. 8.18)

2 സൂര്യ്യാചന്ദ്രമസൗ ധാതാ യഥാ പൂവ്വമകല്പയത്. (ഋ. 10.190.3)

3 അശരീരം ശരീരേഷ്വനവസ്ഥേഷ്വവസ്ഥിതം
മഹാന്തം വിഭുമാത്മാനം മത്വാ ധീരോ ന ശോചതി. (ക. 2.22)

4 ജീവാപേതം വാ വ കിലേദം മ്രിയതേ ന ജീവോ മ്രിയതേ. (ഛാ. 6.11.3)

5 സ വാ ഏഷ മഹാനജ ആത്മാƒ ജരോƒ മൃതഃ. (ബൃ. 4.4.25)

പിന്നെ ചിലക്ക് ബുദ്ധിയെന്നൊന്നില്ല; അവർ കഷ്ടപ്പെട്ടുതന്നെ കഷ്ടിച്ചു കഴിഞ്ഞുകൂടുന്നു. ഇവരെല്ലാവരും സൃഷ്ടിക്കപ്പെട്ടവരാണെങ്കിൽ നീതിനിഷ്ഠനും പരമകാരുണികനുമായ ഒരീശ്വരൻ ഒരുവനെ സുഖിയായും മറെറാരുവനെ ദുഃഖിയായും സൃഷ്ടിച്ചതെന്തിന്? ഇത്ര പക്ഷപാതിയായതെന്തിന്?[1] ഈ ജന്മത്തിൽ ദുഃഖിക്കുന്നവർ വരുംജന്മത്തിൽ സുഖിച്ചുകൊള്ളുമെന്നു പറയുന്നതും തീരെ സമാധാനമാകുന്നില്ല. നീതിനിഷ്ഠനും പരമകാരുണികനുമായ ഒരീശ്വരൻെറ ഭരണത്തിൻകീഴിൽ ഈ ജീവിതത്തിൽതന്നെ ഒരാൾ ദുഃഖിക്കേണ്ട ആവശ്യമെന്തു്?

**പൂർവ്വകർമ്മമോ പാരമ്പര്യമോ ?**

രണ്ടാമതു്, (ശൂന്യത്തിൽനിന്നു്) ഈശ്വരൻ സൃഷ്ടിച്ചു എന്ന മതം സൃഷ്ടിയിലെ പൊരുത്തക്കേടു പരിഹരിക്കുന്നില്ല. അതു് ഒരു സർവ്വശക്തൻെറ ക്രൂരശാസനത്തെ വെളിപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. അതിനാൽ ഒരു മനുഷ്യൻ സുഖിയോ ദുഃഖിയോ ആകാൻ അവൻെറ ജനനത്തിനു മുമ്പുതന്നെ കാരണങ്ങൾ ഉണ്ടായിരുന്നിരിക്കണം; അവ അവൻെറ പൂർവ്വകർമ്മങ്ങൾതന്നെ[2].

ശരീരമനസ്സുകളുടെ പ്രവണതകളെല്ലാം മാതാപിതാക്കന്മാരിൽനിന്നു പാരമ്പര്യമായി വന്നതാണെന്നു പറഞ്ഞാൽ അതു ശരിയായ സമാധാനമല്ലയോ? ഇവിടെ ജഡം, ചൈതന്യം എന്ന രണ്ടു സമാന്തരസരണികളിലൂടെ ഉണ്മയുടെ ഒഴുക്കു് നാം കാണുന്നു. ഭൌതികവസ്തുക്കളും അവയുടെ കൂട്ടുകളുംകൊണ്ടുതന്നെ നമുക്കുള്ളതെല്ലാം വ്യാഖ്യാനിക്കാമെങ്കിൽ (ഇവയെവിട്ടു്) ഒരാത്മാവിൻെറ ഉണ്മയെ കല്പിക്കേണ്ട ആവശ്യമേ ഇല്ല[3]. പക്ഷേ, ജഡത്തിൽനിന്നു വിചാരം പരിണമിച്ചുണ്ടായെന്നു തെളിയിക്കാൻ കഴിയുകയില്ല. തത്വചിന്തചെയ്തു് മൌലികമായ ഒരു ഏകത്വ (അദ്വൈ

---

1 ഇപ്രകാരം വൈഷമ്യനൈർഘൃണ്യങ്ങളെന്ന രണ്ടു ദോഷങ്ങളെ ഈശ്വരനിൽ ആരോപിച്ചിട്ടു് ബ്ര. സൂ ശം. ഭാ. 2.1.34 നിരാകരിക്കുന്നുണ്ടു്.

2 യഥാകാരീ യഥാചാരീ തഥാ ഭവതി—സാധുകാരീ സാധുർഭവതി, പാപകാരീപാപോ ഭവതി, പുണ്യഃ പുണ്യേന കർമ്മണാ പാപഃ പാപേനഃ സ യഥാകാമോ ഭവതി തത്ക്രതുർഭവതി, യത്ക്രതുർഭവതി തത്കർമ്മ കുരുതേ യത്കർമ്മ കുരുതേ തദഭിസംപദ്യതേ. (ബൃ. 4.4.5)

3 ഈശ്വരനെയോ ചേതനത്തെയോ ആശ്രയിക്കാതെ ജഡമായ പ്രകൃതി സ്വയം പ്രവർത്തിക്കുന്നു എന്ന സാംഖ്യമതമാണിതു്.

ത)ത്തിൽ വരാതെ നിവൃത്തിയില്ലെങ്കിൽ, ആ ഏകത്വം ഭൌതികമാണ് എന്നു പറയുന്നതു (ഭൂതാദ്വൈതം) പോലെ തന്നെ തീച്ച്യയായും യുക്തിയുക്തവും അതിലൊട്ടും കുറവില്ലാത്ത വിധം ആശാസ്യവുമാണ് ആദ്ധ്യാത്മികമായ ഏകത്വം (ആത്മാദ്വൈതം).

പാരമ്പര്യം വഴിയായി ശരീരങ്ങൾക്കു് ചില പ്രത്യേക സ്വഭാവങ്ങൾ വന്നുചേരുന്നു എന്നതു് അനിഷേദ്ധ്യമാണ്. ആ സ്വഭാവങ്ങൾതന്നെയും ഒരു പ്രത്യേക മനസ്സിന്നു മാത്രം ഒരു പ്രത്യേക വിധം വ്യാപരിക്കുന്നതിന്നുതകുന്ന ഭൗതികാകാരം മാത്രമാണ്. കൂടാതെ, ഓരോ ആത്മാവിന്നും അതിൻെറ പൂവ്വകമ്മങ്ങൾക്കനുസരിച്ച് സ്വന്തമായ ചില വാസനകളുണ്ടു്. ഒരു പ്രത്യേക വാസനയുള്ള ജീവൻ ആ വാസനയെ പ്രദശിപ്പിക്കാൻ ഏററവും പററിയ ഒരു ശരീരത്തിൽ സദൃശസംയോഗമെന്ന നിയമമനുസരിച്ച് വന്നു ജനിക്കുന്നു[1]. ഇതു ശാസ്ത്ര(സയൻസിന്)സമ്മതവുമാണ്. ശാസ്ത്രത്തിൻെറ രീതിതന്നെ എല്ലാം സ്വഭാവത്തിലൂടേ വ്യാഖ്യാനിക്കുക എന്നാണ്; സ്വഭാവം അഭ്യാസംകൊണ്ടുണ്ടാകുന്നതുമാണ്. അതുകൊണ്ടു് ജാതമാത്രനായ ഒരു ജീവൻെറ സഹജസ്വഭാവങ്ങൾ പലവുരു അഭ്യസിച്ചതിൻെറ ഫലമാണെന്നു വ്യാഖ്യാനിച്ചേ ഒക്കൂ. ആ സ്വഭാവങ്ങൾ ഈ ജന്മം നേടിയവയല്ലാത്തതുകൊണ്ടു് പൂവ്വജന്മങ്ങളിൽനിന്നു് വന്നുചേന്നവതന്നെയായിരിക്കണം[2].

ഇവിടെ വേറൊരു ശങ്ക: ഇതൊക്കെ ശരിയാണെന്നു സമ്മതിക്കാം; എന്നാൽ എൻെറ പൂവ്വജന്മത്തിലെ യാതൊന്നും എനിക്കോമ്മയില്ലാതിരിക്കുന്നതെന്തുകൊണ്ടു്? ഇതിൻെറ സമാധാനം എളുപ്പമാണ്. ഞാനിപ്പോൾ ഇംഗ്ലീഷ് പറയുകയാണ്. ഇതെൻെറ മാതൃഭാഷയല്ല. യഥാത്ഥത്തിൽ മാതൃഭാഷയിലെ വാക്കുകളിൽ ഒന്നെങ്കിലും ഇപ്പോൾ എൻെറ ബോധത്തിലില്ല; എന്നാൽ അവയെ ഓമ്മിക്കാൻ ഞാൻ ഒന്നു ശ്രമിക്കട്ടെ, അപ്പോൾ അവ തള്ളിക്കയറി വരികയായി. ഇതുകൊണ്ടു തെളിയുന്നതു് ബോധം

1 യം യം വാപി സ്മരൻ ഭാവം ത്യജത്യന്തേ കളേബരം
തം തമേവൈതി കൗന്തേയ സദാ തദ്ഭാവഭാവിതഃ. (ഗീ. 8.6)

2 തത്ര തം ബുദ്ധിസംയോഗം ലഭതേ പൌവ്വദേഹികം
യതതേ ച തതോ ഭൂയഃ സംസിദ്ധൗ കുരുനന്ദന.
പൂവ്വാഭ്യാസേന തേനൈവ ഹ്രിയതേ ഹ്യവശോഽപി സഃ. (ഗീ. 6.43, 44)

എന്നതു് മനഃസമുദ്രത്തിൻെറ ഉപരിതലം മാത്രമാകുന്നു എന്നും അതിന്നടിയിൽ നമ്മുടെയനുഭവങ്ങൾ അടിഞ്ഞുകൂടികിടപ്പുണ്ടെന്നുമാണു്. ശ്രമിച്ചുനോക്കുക, പണിപ്പെട്ടുക; അവയെല്ലാം പൊന്തിവരും, നിങ്ങളുടെ പൂർവ്വജന്മത്തെക്കുറിച്ചുപോലും നിങ്ങൾക്കു ബോധമുണ്ടാവും.

നേരിട്ടു കാട്ടിക്കൊടുക്കുന്ന തെളിവാണിതു്. പരീക്ഷിച്ചറിയുകയാണു് ഒരു സിദ്ധാന്തത്തിൻെറ ഉത്തമമായ തെളിവു്. ഇതാ ഋഷികൾ ലോകത്തെ വെല്ലുവിളിക്കുന്നു: സ്മൃതിസമുദ്രം അടിയോടെ ഇളക്കിമറിക്കുവാനുള്ള സൂത്രം ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു—പരീക്ഷിച്ചു നോക്കുവിൻ, നിങ്ങൾക്കു പൂർവ്വജന്മസ്മൃതി പൂർണ്ണമായുണ്ടാകും[1].

## പൂർണ്ണൻ എങ്ങനെ അപൂർണ്ണനായി?

അങ്ങനെ താൻ ആത്മാവാണെന്നു് ഹിന്ദു വിശ്വസിക്കുന്നു[2]. ആത്മാവു് വാളുകൊണ്ടു മുറിയുന്നില്ല, തീകൊണ്ടു കത്തുന്നില്ല, വെള്ളംകൊണ്ടലിയുന്നില്ല, കാററത്തുണങ്ങുന്നതുമില്ല[3]. ഓരോ ആത്മാവും ഓരോ വൃത്തമാണെന്നു ഹിന്ദു വിശ്വസിക്കുന്നു—അതിനു പരിധി എങ്ങുമില്ല, ഓരോ ശരീരവും അതിൻെറ കേന്ദ്രമാണു്; ഒരു ശരീരത്തിൽനിന്നു് വേറൊന്നിലേക്കു് കേന്ദ്രം മാറുകയാണു് മരണം[4]. ഭൌതികവസ്തുക്കളുടെ അവസ്ഥാഭേദങ്ങൾ ആത്മാവിനെ ബന്ധിക്കുന്നുമില്ല[5]. അതിൻെറ യഥാർത്ഥസ്വരൂപത്തിൽ ആത്മാവു് സ്വതന്ത്രവും അനന്തവും അപാപവിദ്ധവും ശുദ്ധവും

---

1 അപരിഗ്രഹസ്ഥൈര്യേ ജന്മകഥന്താസംബോധഃ. (യോ. ദ. 2.39)
സംസ്കാരസാക്ഷാത്കരണാത് പൂർവ്വജാതിജ്ഞാനം. (യോ. ദ. 3.18)

2 സ ആത്മാ തത്ത്വമസി. (ഛാ. 6.87)

3 നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ
ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ.
അച്ഛേദ്യോഽയമദാഹ്യോഽയമക്ലേദ്യോഽശോഷ്യ ഏവ ച
നിത്യഃ സർവ്വഗതഃ സ്ഥാണുരചലോഽയം സനാതനഃ. (ഗീ. 2.23,24)

4 ദേഹിനോഽസ്മിൻ യഥാ ദേഹേ കൗമാരം യൗവനം ജരാ
തഥാ ദേഹാന്തരപ്രാപ്തിർധീരസ്തത്ര ന മുഹ്യതി. (ഗീ. 2.13)

5 പുരുഷൻ (ആത്മാവു്) പ്രകൃതിയല്ല, പ്രകൃതിപരിണാമങ്ങൾക്കതീതനാണു്:—
യോഽശനായാപിപാസേ ശോകം മോഹം ജരാം മൃത്യുമത്യേതി. (ബൃ. 3.5.1)

പൂർണ്ണവുമാണ്[1]. എന്നാൽ എങ്ങനെയോ ഒരു തരത്തിൽ അതു ജഡത്തിൽ കുടുങ്ങി സ്വയം ജഡമാണെന്നു വിചാരിക്കുകയും ചെയ്യുന്നു[2].

മുക്തനും ശുദ്ധനും പൂർണ്ണനുമായ ആത്മാവ് ഇങ്ങനെ ജഡത്തിന്റെ കുടുക്കിൽ പെടേണ്ട ആവശ്യമെന്ത്? ഇതാണ് അടുത്ത ചോദ്യം. പൂർണ്ണനായ ആത്മാവ് താൻ അപൂർണ്ണനാണെന്നു തെററിദ്ധരിക്കാനിടയായതെങ്ങനെ? ഹിന്ദുക്കൾ ഈ ചോദ്യത്തിൽനിന്ന് ഒഴിഞ്ഞുകളയുന്നെന്നും അങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നില്ലെന്ന് അവർ പറയുന്നെന്നും ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. ചില തത്വചിന്തകന്മാർ ഇതിനു സമാധാനം പറയണമെന്നുവെച്ച് ഒന്നോ ഏറെയോ പൂർണ്ണപ്രായന്മാരെ കല്പിക്കുന്നു; വീണ്ടും ശേഷിക്കുന്ന വിടവുകളടയ്ക്കുവാൻ വലിയ സാങ്കേതികസംജ്ഞ ഉപയോഗിക്കുന്നു. പക്ഷെ, സംജ്ഞാപ്രയോഗം സമാധാനം പറയലല്ല. ചോദ്യം ചോദ്യമായിത്തന്നെ ഇരിക്കുന്നു: പൂർണ്ണൻ എങ്ങനെ പൂർണ്ണപ്രായനായി? ശുദ്ധനിരുപാധികം അണുപ്രായമെങ്കിലും മാറുന്നതെങ്ങനെ? എന്നാൽ ഹിന്ദു വളയുന്നില്ല; അവൻ കുതർക്കത്തെ അഭയം പ്രാപിക്കുന്നതുമില്ല, ആണത്തത്തോടെ ചോദ്യത്തെ നേരിടാൻ അവനു ചുണയുണ്ട്. അവന്റെ മറുപടിയോ, "എനിക്ക് അറിഞ്ഞുകൂടാ[3]", എന്നാണ്. "പൂർണ്ണനായ ആത്മാവ് താൻ അപൂർണ്ണനാണെന്നു വിചാരിച്ച് ജഡത്തോടൊട്ടി, അതിൽ കുടുങ്ങാനിടയായത് എങ്ങനെയെന്ന് എനിക്കറിഞ്ഞുകൂടാ", എ

---

1 സ പര്യഗാച്ഛുക്രമകായമവ്രണമസ്നാവിരം ശുദ്ധമപാപവിദ്ധം. (ഈ. 8)

2 തദ്ധേദം തർഹ്യവ്യാകൃതമാസീത് തന്നാമരൂപാഭ്യാമേവ വ്യാക്രിയത അസൗ നാമായമിദം രൂപ ഇതി......സ ഏഷ ഇഹ പ്രവിഷ്ട ആ നഖേഭ്യഃ യഥാ ക്ഷുരഃ ക്ഷുരധാനേഽവഹിതഃ സ്യാത്. (ബൃ.1.4.7)
അനീശശ്ചാത്മാ ബദ്ധ്യതേ ഭോക്തൃഭാവാത്. (ശ്വേ. 1.8)

3 എന്തു സമാധാനം തന്നെ പറഞ്ഞാലും അതെന്തുകൊണ്ട് എന്ന ചോദ്യം ഉയരുന്നതുകൊണ്ട്. ഇതുതന്നെ, അനിർവ്വചനീയമെന്നും ഇണങ്ങാത്തതിണക്കുന്ന മായ എന്നും മററും പറഞ്ഞാലുള്ള അർത്ഥവും. അതുകൊണ്ട് ആത്മാവ് അനാത്മാവായതിന്റെ, ബ്രഹ്മം പ്രപഞ്ചമായതിന്റെ, വഴി വെറുതെ തേടാൻ മുതിരാതെ, ഇതിൽ താല്പര്യമില്ലെന്ന് ആചാര്യന്മാർ തുറന്നു പറയുന്നുണ്ട്. എന്തെങ്കിലുമൊക്കെ സൃഷ്ടിക്രമം പറഞ്ഞിട്ടുള്ളത് ബ്രഹ്മത്തിൽനിന്നു പ്രപഞ്ചം വന്ന വഴി വിവരിക്കാനല്ല, പ്രപഞ്ചത്തിൽനിന്നു ബ്രഹ്മത്തിലേക്കെത്താൻ, ബ്രഹ്മത്തിന്റെ അദ്വിതീയസത്തയെ ബോധിപ്പിക്കാനുള്ള ഉപായമായിട്ടു മാത്രമാണ്. (ബ്ര. സൂ. ശാം. ഭാ. 1.4.14; മാ. കാ. 3.15)

ന്നാണ്. എന്തൊക്കെ ആയാലും പരമാത്ഥം പരമാത്ഥം തന്നെ. താൻ ഒരു ശരീരമാണെന്നുള്ള വിചാരം എല്ലാവക്കും അനുഭവമായ ഒരു പരമാത്ഥമാണ്. താൻ ശരീരമാണെന്ന് ഒരുവൻ വിചാരിക്കുന്നതെന്തുകൊണ്ടാണെന്നു വിശദീകരിക്കാൻ ഹിന്ദു മുതിരുന്നില്ല. ഈശ്വരേച്ഛയാണ് എന്നു പറയുന്നതും ഒരു സമാധാനമല്ല. അതു്, "എനിക്കു് അറിഞ്ഞുകൂടാ", എന്നു് ഒരു ഹിന്ദു പറയുന്നതിൽ ഒട്ടും കൂടുതലല്ല.

**മംഗളവാത്ത**

ഇങ്ങനെ, ജീവാത്മാവു് നിത്യനും അമൃതനും പൂണ്ണനും അനന്തനുമാണ്. മരണമെന്നു പറയുന്നതു് ഒരു ശരീരത്തിൽനിന്നു മററൊരു ശരീരത്തിലേക്കു കേന്ദ്രം മാറുക മാത്രമാണ്. പൂവ്വകമ്മങ്ങൾ വത്തമാനാവസ്ഥയേയും വത്തമാനം ഭാവിയേയും നിണ്ണയിക്കുന്നു[1]. ജനനത്തിൽനിന്നു് ജനനത്തിലേക്കും മരണത്തിൽനിന്നു് മരണത്തിലേക്കും സംസരിച്ചു് ജീവൻ മേല്പോട്ടോ കീഴ്പോട്ടോ പൊയ്ക്കൊണ്ടേ ഇരിക്കുന്നു[2]. ഇവിടെ വേറൊരു ചോദ്യം: ഇങ്ങനെയാണെങ്കിൽ മനുഷ്യന്റെ കഥയെന്തു്? കൊടുങ്കാററടിച്ചു് ഇളകിമറിയുന്ന കടൽനടുവിൽ[3] പതചൂടിയ തിരത്തുഞ്ചത്തേ

---

1 സ്ഥൂലാനി സൂക്ഷ്മാണി ബഹൂനി ചൈവ
രൂപാണി ദേഹീ സ്വഗുണൈർവൃണോതി
ക്രിയാഗുണൈരാത്മഗുണൈശ്ച തേഷാം
സംയോഗഹേതുരപരോഽപി ദൃഷ്ടഃ. (ശ്വേ. 1.12)

2 തദ് യ ഇഹ രമണീയചരണാ അഭ്യാശോ ഹ യത്തേ രമണീയാം യോനിമാപദ്യേരൻ ബ്രാഹ്മണയോനിം വാ ക്ഷത്രിയയോനിം വാ വൈശ്യയോനിം വാ; അഥ യ ഇഹ കപൂയചരണാ അഭ്യാശോ ഹ യത്തേ കപൂയാം യോനിമാപദ്യേരൻ ശ്വയോനിം വാ സൂകരയോനിം വാ ചണ്ഡാലയോനിം വാ. (ഛാ. 5.10.7)

3 ഈശ്വരേണാസ്മിൻ സംസാരാണ്ണവേ—സംസാരസമുദ്രേ—മഹത്യവിദ്യാകാമകമ്മപ്രഭവദുഃഖോദകേ, തീവ്രരോഗജരാമൃത്യുമഹാഗ്രാഹേ, അനാദാവനന്തേ അപാരേ,നിരാലംബേ, വിഷയേന്ദ്രിയജനിതസുഖലവലക്ഷണവിശ്രാമേ, പഞ്ചേന്ദ്രിയാത്ഥതൃൺമാരുതവിക്ഷോഭോത്ഥിതാനത്ഥശതമഹോമ്മൗ, മഹാരൗരവാദ്യനേകനിരയ ഗതഹാഹേത്യാദി കൂജിതാക്രോശനോൽഭൂതമഹാരവേ, സത്യാജ്ജവദാന ദയാഽഹിംസാ ശമദമധൃത്യാദ്യാത്മഗുണപാഥേയപൂണ്ണേ, ജ്ഞാനോഡുപേ, സത്സംഗസവ്വത്യാഗമാർഗ്ഗേ, മോക്ഷതീരേ, ഏതസ്മിൻ മഹാണ്ണവേ പ്രാപതൻ—പതിതവത്യഃ. (ഐ. ശം. ഭാ. 2.1)

ക്ക് ഒരു നിമിഷം അടിച്ചുകയററപ്പെട്ടും, അടുത്ത നിമിഷം വാപിളന്ന തിരക്കുഴിയിലേക്ക് എടുത്തടിക്കപ്പെട്ടും ഇങ്ങനെ തൻെറ സുകൃതദുഷ്കൃതങ്ങളുടെ കൊട്ടംപിടിയിൽതന്നെ പെട്ട് അങ്ങോട്ടുമിങ്ങോട്ടും കിടന്നു നിസ്സഹായം മറിയുന്ന ഒരു പൊട്ടത്തോണിയോ മനുഷ്യൻ? എപ്പോഴും ക്ഷോഭിച്ച് എപ്പോഴും തള്ളിക്കയറി വരുന്ന നിഷ്ഠുരമായ കാര്യകാരണപ്രവാഹത്തിൽ ഒരു കഴിവുമില്ലാതെ, ഒരു തുണയുമില്ലാതെ, ഉഴലുന്ന കെട്ടതോണിയോ അവൻ? വിധവയുടെ കണ്ണീരോ ഉടയവരററ ശിശുവിൻെറ കരച്ചിലോ ലവലേശവും ഗണ്യമാക്കാതെ തൊട്ടതൊക്കെ തകർത്തുരുണ്ടുപോകുന്ന കാരണചക്രത്തിൻെറ അടിയിൽപെട്ട ക്ഷുദ്രശലഭമോ മനുഷ്യൻ? ഇതോർത്ത് ഉള്ളു കിടുങ്ങുന്നു, എന്നാലും പ്രകൃതിയുടെ നിയമം ഇതുതന്നെ. ഒരാശക്കും അവകാശമില്ലയോ? ഒരു രക്ഷയുമില്ലയോ? ഈ ഒരു ക്രന്ദനം[1] നിരാശ നിറഞ്ഞ നെഞ്ചിൻെറ അടിത്തട്ടിൽനിന്നു പൊന്തി കരുണാകരൻെറ തിരുമഞ്ചത്തിലെത്തി അവിടെനിന്ന് ആശാജനകവും സാന്ത്വനപരവുമായ തിരുമൊഴികൾ അവതരിച്ച് വേദദ്രഷ്ടാവായ ഒരു മഹർഷിയെ ഉത്തേജിപ്പിച്ചു[2]. ലോകസമക്ഷം എണീററുനിന്ന് കാഹളസ്വരത്തിൽ ആ മംഗളവാർത്ത അദ്ദേഹം വിളംബരം ചെയ്തു: "അമൃതാനന്ദത്തിൻെറ അരുമക്കിടാങ്ങളേ! ദിവ്യലോകങ്ങളിൽപ്പോലും നിവസിക്കുന്നവരേ, നിങ്ങളെല്ലാവരും കേൾപ്പിൻ![3] ഇരുളിനെല്ലാം അപ്പുറത്ത് മായയ്ക്കുപ്പുറത്ത് ആദിത്യവർണ്ണനായ പുരാണപുരുഷനെ ഞാൻ കണ്ടിരിക്കുന്നു. ആ മഹാപുരുഷനെ അറിഞ്ഞാൽ മാത്രമേ നിങ്ങൾ മരണപരമ്പരയെ തരണം ചെയ്യൂ; ഇതിനു വേറെ വഴിയില്ല"[4]. "അമൃതാനന്ദത്തിൻെറ അരുമക്കിടാങ്ങളേ!",

---

1 സോऽഹം ഭഗവഃ ശോചാമി തം മാ ഭഗവാഞ്ഛോകസ്യ പാരം താരയതു. (ഛാ. 7.1.3)

2 തദേതദൃഷിഃ പശ്യന്നവോചത്. (ബൃ. 2.5.16)

3 ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാ
ആ യേ ധാമാനി ദിവ്യാനി തസ്ഥുഃ. (ശ്വേ. 2.5)

4 വേദാഹമേതം പുരുഷം മഹാന്തമാദിത്യവർണ്ണം തമസഃ പരസ്താത്
തമേവ വിദിത്വാ അതിമൃത്യുമേതി നാന്യഃ പന്ഥാ വിദ്യതേऽയനായ.
(ശ്വേ. 3.8)

എത്ര മധുരമായ പേർ! എത്ര ആശാജനകം! സഹോദരരേ, ഞാൻ ആ മധുരമായ പേരു ചൊല്ലി നിങ്ങളെ വിളിക്കട്ടെ!—അമൃതാനന്ദത്തിൻെറ അനന്തരാവകാശികൾ,—അതേ, നിങ്ങളെ പാപികളെന്നു ഹിന്ദു ഒരിക്കലും വിളിക്കുകയില്ല. ഈശ്വരസന്താനങ്ങളാണ് നിങ്ങൾ, അമൃതാനന്ദത്തിൻെറ ഭാഗഭാക്കുകൾ, ദിവ്യന്മാർ, പരിപൂർണ്ണന്മാർ! അല്ലയോ പാരിലെ പാവനമൂർത്തികളേ,—നിങ്ങളോ പാപികൾ? പാപമാണ് ഒരുവനെ പാപി എന്നു വിളിക്കുന്നതു്; ഇതു് മനുഷ്യസ്വഭാവത്തിൻെറ മേൽ കരി തേക്കുകയാണ്. അല്ലയോ സിംഹങ്ങളേ, എഴുന്നേററു വരുവിൻ![1] ആടെന്ന മായാമോഹം കുടഞ്ഞുകളയുവിൻ! മരണം തീണ്ടാത്ത ആത്മാക്കളാണ് നിങ്ങൾ, മുക്തന്മാർ, അനുഗൃഹീതർ, നിത്യന്മാർ! ജഡമല്ല നിങ്ങൾ, ദേഹമല്ല നിങ്ങൾ; ജഡം നിങ്ങളുടെ ദാസൻ, നിങ്ങൾ ജഡത്തിൻെറ ദാസന്മാരല്ല.

## ഈശ്വരൻ

ഇങ്ങനെയാണ് വേദങ്ങൾ ഉദ്ഘോഷിക്കുന്നതു്. നീക്കുപോക്കില്ലാത്ത നിയമങ്ങളുടെ ഒരു കൊട്ടംചട്ടക്കൂട്ടല്ല, അറുതിയററ കാര്യകാരണക്കൽത്തുറുങ്കുമല്ല വേദപ്രണീതമായതു്. പിന്നെയോ, ഈ നിയമങ്ങളുടെയെല്ലാം ഉപരിയായി, സർവ്വപദാർത്ഥങ്ങളിലും ശക്തികളിലും പരമാണുപര്യന്തം വ്യാപിച്ചു് ഒരു പരമപുരുഷൻ[2] നിലകൊള്ളുന്നു: "അവൻെറ കല്പന പേടിച്ചു് കാററു വീശുന്നു, തീ എരിയുന്നു, കാറു പെയ്യുന്നു, മരണവും ഭൂമിയിലെങ്ങും നീളെ നടക്കുന്നു"[3].

---

1 ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യ വരാൻ നിബോധത. (ക. 3.14)
ക്ലൈബ്യം മാസ്മഗമഃ പാർത്ഥ നൈതത് ത്വയ്യുപപദ്യതേ
ക്ഷുദ്രം ഹൃദയദൌർബ്ബല്യം ത്യക്ത്വോത്തിഷ്ഠ പരംതപ. (ഗീ. 2.3)

2 ഏകോ ദേവഃ സർവ്വഭൂതേഷു ഗൂഢഃ
സർവ്വവ്യാപീ സർവ്വഭൂതാന്തരാത്മാ
കർമ്മാധ്യക്ഷഃ സർവ്വഭൂതാധിവാസഃ
സാക്ഷീ ചേതാ കേവലോ നിർഗ്ഗുണശ്ച. (ശ്വേ. 6.11)

3 ഭീഷാസ്മാദ്വാതഃ പവതേ ഭീഷോദേതി സൂര്യഃ
ഭീഷാസ്മാദഗ്നിശ്ചേന്ദ്രശ്ച മൃത്യുർധാവതി പഞ്ചമഃ. (തൈ. 2.8)

### ഈശ്വരപ്രേമം

ആ പരമപുരുഷൻെറ സ്വരൂപമെന്തു്?

അവിട്ടന്നു് സവ്വവ്യാപിയാണു്; നിമ്മലനും നിരാകാരനും സവ്വശക്തനും പരമകാരുണികനുമാണു്[1]. "അവിട്ടന്നാണു് ഞങ്ങളുടെ അച്ഛൻ, അവിട്ടന്നാണു് ഞങ്ങളുടെ അമ്മ; ഞങ്ങളുടെ തോഴനും അവിട്ടന്നുതന്നെയാണു്[2]. ഞങ്ങളുടെ കരുത്തിൻെറയെല്ലാം കാതലാണു് അവിട്ടന്നു്; ഞങ്ങൾക്കു കരുത്തു തരേണമേ. അവിട്ടന്നുതന്നെയാണു് ഈ വിശ്വഭാരം വഹിക്കുന്നതു്; ഹേ പ്രഭോ! ഞങ്ങളുടെ ഈ ചെറുജീവിതഭാണ്ഡം താങ്ങാൻ ഞങ്ങളെ തുണയ്ക്കേണമേ[3]". ഇങ്ങനെയാണു് വേദമന്ത്രദ്രഷ്ടാക്കളായ ഋഷികൾ പാടിയതു്. ഇനി, എങ്ങനെയാണു് അവിട്ടത്തെ ആരാധിക്കേണ്ടതു്? പ്രേമംകൊണ്ടുതന്നെ[4]. "ഈ ജന്മത്തിലും വരും ജന്മത്തിലുമുള്ള എല്ലാത്തിലും വെച്ചു് ഏററവും പ്രിയതമനായി കരുതി[5] അവിട്ടത്തെ ആരാധിക്കണം".

ഇതാണു് വേദപ്രോക്തമായ ഭക്തിമാഗ്ഗം. ഇനി ഈശ്വരൻെറ പൂണ്ണപുണ്യാവതാരമെന്നു് ഹിന്ദുക്കൾ വിശ്വസിക്കുന്ന ശ്രീകൃഷ്ണൻ ഇതിനെ പൂണ്ണരൂപത്തിൽ വളത്തി ഉപദേശിച്ചതു് എങ്ങനെയെന്നു് നമുക്കു നോക്കാം. 'താമരയിലപോലെ വേണം ഒരുവൻ ഈ ലോകത്തിൽ ജീവിക്കുവാൻ'[6] എന്നു് ശ്രീഭഗവാൻ

---

1 സവ്വാനനശിരോഗ്രീവഃ സവ്വഭൂതഗുഹാശയഃ
സവ്വവ്യാപീ ച ഭഗവാൻ തസ്മാത് സവ്വഗതഃ ശിവഃ. (ശ്വേ. 3.11)

2 ത്വമേവ മാതാ ച പിതാ ത്വമേവ
ത്വമേവ ബന്ധുശ്ച സഖാ ത്വമേവ
ത്വമേവ വിദ്യാ ദ്രവിണം ത്വമേവ
ത്വമേവ സവ്വം മമ ദേവദേവ.

3 വീയ്യമസി വീയ്യം മയി ധേഹി
സഹോഽസി സഹോ മയി ധേഹി. (ശു. യ. സം. 19.9)

4 പ്രേമ ഏവ കായ്യം, പ്രേമ ഏവ കായ്യം. (നാ. ഭ. സൂ. 66)

5 തദേതത് പ്രേയഃ പുത്രാത്, പ്രേയോ വിത്താത്, പ്രേയോഽന്യസ്മാത് സവ്വസ്മാത്; അന്തരതരം യദയമാത്മാ......ആത്മാനമേവ പ്രിയമുപാസീത. (ബൃ. 1.4.8)
തസ്മാത് പ്രിയതമഃ സ്വാത്മാ സവ്വേഷാമപി ദേഹിനാം. (ഭാ. 10.14.54)

6 ബ്രഹ്മണ്യാധായ കമ്മാണി സംഗം ത്യക്ത്വാ കരോതി യഃ
ലിപ്യതേ ന സ പാപേന പത്മപത്രമിവാംഭസാ. (ഗീ. 5.10)

പഠിപ്പിച്ചു. താമരയില വെള്ളത്തിൽ വളരുന്നെങ്കിലും വെള്ളം കൊണ്ടു് നനയുന്നില്ലല്ലോ; അതുപോലെ വേണം മനുഷ്യൻ ലോകത്തിൽ ജീവിക്കാൻ—ഹൃദയം ഹരിയിലും കരങ്ങൾ കർമ്മത്തിലും ചേർത്തു്[1].

ഈ ലോകത്തിലോ വരും ലോകത്തിലോ കിട്ടാവുന്ന ഫലങ്ങളിൽ കൊതികൊണ്ടു് ഈശ്വരനെ ഭജിക്കുന്നതു കൊള്ളാം. എന്നാൽ ഒന്നും കൊതിക്കാതെ കേവലപ്രേമംമൂലം ഭഗവാനെ ഭജിക്കുന്നതു് അതിലും നല്ലതാണു്[2]. ആ പ്രാർത്ഥന ഇങ്ങനെയാണു്: "ഭഗവൻ, എനിക്കു സമ്പത്തോ സന്തതിയോ വിദ്യയോ ഒന്നും വേണ്ട. ഞാൻ പലവുരു ജനിക്കണമെന്നാണു് അവിടുത്തെ ഇച്ഛയെങ്കിൽ അങ്ങനെയായിക്കൊള്ളട്ടെ. എന്നാൽ ഒരനുഗ്രഹം മാത്രം: എനിക്കു് അങ്ങയിൽ നിഷ്കാമമായ ഭക്തി, നിസ്വാർത്ഥവും പ്രേമനിർഭരവുമായ ഭക്തി, ഉണ്ടാകണം[3]." ശ്രീകൃഷ്ണന്റെ ശിഷ്യന്മാരിലൊരാളായിരുന്നു ഭാരതചക്രവർത്തിയായ യുധിഷ്ഠിരൻ. ശത്രുക്കൾ അദ്ദേഹത്തെ രാജ്യത്തിൽനിന്നോടിച്ചു. അദ്ദേഹം രാജ്ഞിയോടുകൂടി ഹിമാലയവനങ്ങളെ അഭയംപ്രാപിച്ചു. അവിടെവെച്ചു് ഒരുദിവസം അദ്ദേഹത്തോടു് രാജ്ഞി ചോദിച്ചു: "ധർമ്മിഷ്ഠരിൽ അഗ്രേസരനായ അങ്ങയ്ക്കു് ഇത്ര കഠിനദുഃഖങ്ങൾ അനുഭവിക്കേണ്ടിവരുന്നതു് എന്തുകൊണ്ടാകുന്നു[4]?" അദ്ദേഹം അതിനു മറുപടി പറഞ്ഞു: "പ്രിയേ, ഇതാ ഈ ഹിമാലയപർവ്വതങ്ങളെ നോക്കുക. അവ എത്ര ഗംഭീരങ്ങളും രമണീയങ്ങളുമായിരിക്കുന്നു! ഞാൻ അവയെ സ്നേഹിക്കുന്നു. അവ എനിക്കു് ഒന്നും

---

1 തസ്മാത് സർവ്വേഷു കാലേഷു മാമനുസ്മര യുധ്യ ച. (ഗീ. 8.7)

2 ന പാരമേഷ്ഠ്യം ന മഹേന്ദ്രധിഷ്ണ്യം
ന സാർവ്വഭൗമം ന രസാധിപത്യം
ന യോഗസിദ്ധീരപുനർഭവം വാ
മയ്യർപ്പിതാത്മേച്ഛതി മദ്വിനാന്യത്. (ഭാ. 11.14.14)

3 ന ധനം ന ജനം ന സുന്ദരീം കവിതാം വാ കമലേശ കാമയേ
മമ ജന്മനി ജന്മനീശ്വരേ ഭവതാദ്ഭക്തിരഹൈതുകീ ത്വയി. (ശിക്ഷാ)

4 ആര്യാൻ ശീലവതോ ദൃഷ്ട്വാ ഹ്രീമതോ വൃത്തികർശിതാൻ
അനാര്യാൻ സുഖിനശ്ചൈവ വിഹ്വലാമീവ ചിന്തയേ.
തവേമാമാപദം ദൃഷ്ട്വാ സമൃദ്ധിം ച സുയോധനേ
ധാതാരം ഗർഹയേ പാർത്ഥ വിഷമം കോനുപശ്യതി. (മ. ഭാ. വ. 30.38,39)

3800
82239

തരുന്നില്ല. എങ്കിലും ഗംഭീരവും സുന്ദരവുമായതിനെ സ്നേഹിക്കുക എൻെറ സ്വഭാവമാണു്, അതുകൊണ്ടു് ഞാൻ അവയെ സ്നേഹിക്കുന്നു. ഇതുപോലെ ഞാൻ ഭഗവാനേയും സ്നേഹിക്കുന്നു. സവ്വസൌന്ദയ്യഗാംഭീയ്യങ്ങൾക്കും ഉറവിടം ഭഗവാനാണു്. പ്രേമാഹമായ ഏകവസ്തുവാണു് അവിടുന്നു്. അവിടുത്തെ സ്നേഹിക്കുകയാണു് എൻെറ പ്രകൃതി. അതുകൊണ്ടു ഞാൻ സ്നേഹിക്കുന്നു. ഞാൻ യാതൊന്നും കാമിക്കുന്നില്ല, ഒന്നും യാചിക്കുന്നുമില്ല. ഭഗവാനു് ഇഷ്ടമുള്ളിടത്തു് എന്നെ ഇട്ടുകൊള്ളട്ടെ. പ്രേമൈകബദ്ധനായി ഞാൻ അവിടുത്തെ ഭജിക്കും. പ്രേമവാണിജ്യം എനിക്കു സാദ്ധ്യമല്ല[1],''

## ആത്മദർശനം

ആത്മാവു ദിവ്യമാണു്, ജഡത്തിൽ അതു പെട്ടുപോയി, അത്രയേ ഉള്ളു; ഈ കെട്ടു (ഞാൻ ജഡമാണെന്ന തെറ്റിദ്ധാരണ) പൊട്ടിയാൽ പൂണ്ണതയായി എന്നാണു് വേദാനുശാസനം[2]. അപൂണ്ണതയിൽനിന്നുള്ള മോചനം, മൃത്യുവിൽനിന്നും ദുഃഖത്തിൽനിന്നുമുള്ള സ്വാതന്ത്ര്യമാണു് ഇതു്. ഈ അത്ഥത്തിൽ ഇതിനു് ''മുക്തി'' എന്നാണു് പറയുന്ന പേരു്.

---

1 നാഹം ധമ്മഫലാകാംക്ഷീ രാജപുത്രി ചരാമ്യുത
ദദാമി ദേയമിത്യേവ യജേ യഷ്ടവ്യമിത്യുത.
ധമ്മ ഏവ മനഃ കൃഷ്ണേ സ്വഭാവാച്ചൈവ മേ ധൃതം
ധമ്മവാണിജ്യകോ ഹീനോ ജഘന്യോ ധമ്മവാദിനാം.
ന ധമ്മഫലമാപ്നോതി യോ ധമ്മം ദോഗ്ദ്ധുമിച്ഛതി. (മ. ഭാ. വ. 31.2.5)
നരത്വം ദേവത്വം നഗവനമൃഗത്വം മശകതാ
പശുത്വം കീടത്വം ഭവതു വിഹഗത്വാദിജനനം
സദാ ത്വത്പാദാബ്ജസ്മരണപരമാനന്ദലഹരീ–
വിഹാരാസക്തം ചേദ്ധൃദയമിഹ കിം തേന വപുഷാ. (ശി. ല. 10)

2 യദാ സവ്വേ പ്രഭിദ്യന്തേ ഹൃദയസ്യേഹ ഗ്രന്ഥയഃ
അഥ മത്ത്യോഽമൃതോ ഭവത്യേതാവദ്ധ്യനുശാസനം. (ക. 6.15)
ജ്ഞാത്വാ ദേവം സവ്വപാശാപഹാനിഃ
ക്ഷീണൈഃ ക്ലേശൈർജന്മമൃത്യുപ്രഹാണിഃ. (ശ്വേ. 1.11)
തരതി ശോകം തരതി പാപ്മാനം
ഗുഹാഗ്രന്ഥിഭ്യോ വിമുക്തോഽമൃതോ ഭവതി. (മു. 3.2.9)

ഈ ബന്ധവിമോചനം ഈശ്വരകൃപകൊണ്ടു മാത്രം ഉണ്ടാകുന്നു[1]; ഈശ്വരപ്രീതി പവിത്രരിലേ വന്നുചേരൂ[2]. അതുകൊണ്ടു് പവിത്രതയാണു് പരമേശ്വരപ്രീതിക്കുള്ള യോഗ്യത. ആ പ്രീതി എങ്ങനെയാണു് പ്രവർത്തിക്കുന്നതു്? നിർമ്മലഹൃദയത്തിൽ ഭഗവാൻ സ്വയം പ്രകാശിക്കുന്നു[3]. പാപപങ്കിലമാകാത്ത പരിശുദ്ധഹൃദയമുള്ളവർക്കു് ഈശ്വരദർശനം ഈ ജന്മത്തിൽതന്നെ ഉണ്ടാകുന്നു[4]. അപ്പോൾ നെഞ്ചകത്തെ വളവുകളൊക്കെ നിവരും, അപ്പോൾ മാത്രം; അപ്പോൾ സർവ്വസംശയങ്ങളും തീരും[5]. പിന്നെ മനുഷ്യൻ ഭയങ്കരമായ കാരണനിയമത്തിനു വിധേയനായ ഒരു നിസ്സഹായജന്തു ആകുന്നില്ല[6]. ഇതാണു് ഹിന്ദുമതത്തിൻെറ കേന്ദ്രം, മർമ്മപ്രധാനമായ ആശയം. ഹിന്ദുവിനു് വാക്കുകളും വാദങ്ങളുംകൊണ്ടു് ജീവിക്കാൻ ഇഷ്ടമില്ല[7]. ഇന്ദ്രിയാതീതമായി വല്ലതുമുണ്ടെങ്കിൽ അവനു് അതു മുഖത്തോടുമുഖം കാണുകതന്നെ വേണം[8]. ജഡത്തിൽനിന്നു ഭിന്നമായി തന്നിൽ ഒരാത്മാവുണ്ടെങ്കിൽ,

---

1 തപഃ പ്രഭാവാദ്ദേവപ്രസാദാച്ച
ബ്രഹ്മ ഹ ശ്വേതാശ്വതരോഽഥ വിദ്വാൻ. (ശ്വേ. 6.21)

2 ജ്ഞാനപ്രസാദേന വിശുദ്ധസത്വ-
സ്തതസ്തു തം പശ്യതേ നിഷ്കലം ധ്യായമാനഃ. (മു. 3.1.8)
തസ്മൈ മൃദിതകഷായായ തമസസ്പാരം
ദർശയതി ഭഗവാൻ സനത്കുമാരഃ. (ഛാ. 7.26.2)

3 യമേവൈഷ വൃണുതേ തേന ലഭ്യ-
സ്തസ്യൈഷ ആത്മാ വിവൃണുതേ തനൂം സ്വാം. (ക. 2.23)

4 യദാ സർവ്വേ പ്രമുച്യന്തേ കാമാ യേഽസ്യ ഹൃദി ശ്രിതാഃ
അഥ മർത്ത്യോഽമൃതോ ഭവത്യത്ര ബ്രഹ്മ സമശ്നുതേ. (ക. 3.14)

5 ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവ്വസംശയാഃ
ക്ഷീയന്തേ ചാസ്യ കർമ്മാണി തസ്മിൻ ദൃഷ്ടേ പരാവരേ. (ക. 2.8)

6 ഏതദമൃതമഭയമേതത്പരായണമേതസ്മാന്ന പുനരാവർത്തന്തേ. (പ്ര. 1.10)

7 നൈഷാ തർക്കേണ മതിരാപനേയാ. (ക. 2.9)
തമേവ ധീരോ വിജ്ഞായ പ്രജ്ഞാം കുർവ്വീത ബ്രാഹ്മണഃ
നാനുധ്യായാദ് ബഹൂഞ്ഛബ്ദാൻ വാചോ വിഗ്ലാപനം ഹി തത്. (ബൃ. 4.4.21)

8 പരാഞ്ചി ഖാനി വ്യതൃണത് സ്വയംഭൂ-
സ്തസ്മാത്പരാങ്പശ്യതി നാന്തരാത്മൻ
കശ്ചിദ്ധീരഃ പ്രത്യഗാത്മാനമൈക്ഷദ്
ആവൃത്തചക്ഷുരമൃതത്വമിച്ഛൻ. (ക. 4.1)

കരുണാലയനായ ഒരു പരമാത്മാവുണ്ടെങ്കിൽ, അവന്ന് അതു് നേരിട്ടുചെന്നു് കണ്ടറിയണം[1]; അവൻെറ സംശയമെല്ലാം അങ്ങനെ മാത്രമേ തീരൂ. അതുകൊണ്ടു് ആത്മാവു്, ഈശ്വരൻ, ഉണ്ടെന്നുള്ളതിന്നു് വൈദികഋഷി കൊണ്ടുവരുന്ന സൎവ്വോൽകൃഷ്ടപ്രമാണം ഇതാണു്: "ആത്മദൎശനം എനിക്കു കിട്ടിയിരിക്കുന്നു, ഈശ്വരനെ ഞാൻ കണ്ടിട്ടുണ്ടു്[2]." ഇങ്ങനെതന്നെയാണു് പൂൎണ്ണതയെ പ്രാപിക്കേണ്ടതു്. ചില സിദ്ധാന്തങ്ങളിലും തത്വങ്ങളിലും വിശ്വസിക്കാനുള്ള തിക്കും തിരക്കും മററുമല്ല ഹിന്ദുമതം. അവൻെറ മതം ആത്മാനുഭൂതിയാണു്—വെറും വിശ്വസിക്കലല്ല, സാക്ഷാത്കരിക്കൽ, ആകലും ആയിത്തീരലുമാണതു്[3].

ഇപ്രകാരം ഹിന്ദുദൎശനങ്ങളുടെ ഏകലക്ഷ്യം നിരന്തരാഭ്യാസംകൊണ്ടു് പൂൎണ്ണനും ദിവ്യനും ആയി ദേവനെ ദൎശിക്കുകയാണു്, ഈ ഈശ്വരപ്രാപ്തിയും ഈശ്വരദൎശനവും, സ്വൎഗ്ഗസ്ഥനായ പിതാവിനെപ്പോലെതന്നെ പരിപൂൎണ്ണനാകൽ, ഇതാണു് ഹിന്ദുവിൻെറ മതം[4].

---

1 യത്തേ രൂപം കല്യാണതമം തത്തേ പശ്യാമി. (ഈ. 16)

2 വേദാഹമേതമജരം പുരാണം
സർവ്വാത്മാനം സർവ്വഗതം വിഭുത്വാത്. (ശ്വേ. 3.21)

3 ആത്മാ വാ അരേ ദ്രഷ്ടവ്യഃ
ശ്രോതവ്യോ മന്തവ്യോ നിദിധ്യാസിതവ്യഃ. (ബൃ. 4.5.6)
യസ്മിൻ ദ്യൗഃ പൃഥിവീ ചാന്തരിക്ഷ-
മോതം മനഃ സഹ പ്രാണൈശ്ച സൎവൈഃ
തമേവൈകം ജാനഥ ആത്മാനം
അന്യാ വാചോ വിമുഞ്ചഥ അമൃതസ്യൈഷ സേതുഃ. (മു. 2.2.5)
അഭയം വൈ ബ്രഹ്മ; അഭയം ഹി വൈ ബ്രഹ്മ ഭവതി യ ഏവം വേദ. (ബൃ. 4.4.25)

4 സ യോ ഹ വൈ തത് പരമം ബ്രഹ്മ വേദ
ബ്രഹ്മൈവ ഭവതി; നാസ്യാऽബ്രഹ്മവിത് കുലേ ഭവതി
തരതി ശോകം തരതി പാപ്മാനം
ഗുഹാഗ്രന്ഥിഭ്യോ വിമുക്തോऽമൃതോ ഭവതി. (മു. 3.2.9)
ഇഹ ചേദവേദീദഥ സത്യമസ്തി
ന ചേദിഹാവേദീന്മഹതീ വിനഷ്ടിഃ
ഭൂതേഷു ഭൂതേഷു വിവിച്യ ധീരാഃ
പ്രേത്യാസ്മാല്ലോകാദമൃതാ ഭവന്തി. (കേ. 2.5)
യേനാഹം നാമൃതാ സ്യാം കിമഹം തേന കുൎയ്യാം. (ബൃ. 4.5.4)

അപ്പോൾ പൂർണ്ണനായ ഒരുവൻെറ അവസ്ഥ എന്തു്? അനന്താനന്ദനിബിഡമായ ജീവിതം അയാൾ നയിക്കുന്നു. മനുഷ്യനു രസിക്കാൻ കൊള്ളാവുന്ന ഒരേ ഒരു വസ്തു, അതായതു് ഈശ്വരനെ, നേടി അയാൾ അളവറ്റതും തികവുറ്റതുമായ ആനന്ദം അനുഭവിക്കുന്നു, ഭഗവത്സായുജ്യരസം ആസ്വദിക്കുന്നു[1].

ഇത്രയുംവരെ എല്ലാ ഹിന്ദുക്കളും യോജിക്കുന്നു. ഭാരതത്തിലെ വിവിധമതസമ്പ്രദായങ്ങൾക്കും പൊതുവായ മതം ഇതാണ്. (പൂർണ്ണത പ്രാപിക്കുന്നതിനെക്കുറിച്ചു് നാം പറഞ്ഞുവല്ലോ.) ഈ പൂർണ്ണത കേവലമാണ്. കേവലം, രണ്ടോ മൂന്നോ പാടില്ല[2]. അതു് നിർഗ്ഗുണമാകയാൽ[3] ഒരു വ്യക്തിയാകാൻ തരമില്ല. അതുകൊണ്ടു് ഒരാത്മാവിനു് പൂർണ്ണതയും കൈവല്യവും കൈവരുമ്പോൾ അതിനു ബ്രഹ്മത്തിനോടു് ഐക്യമുണ്ടായേ മതിയാവൂ; തനിക്കു സ്വതഃസിദ്ധമായ സമ്പൂർണ്ണസച്ചിദാനന്ദഭാവത്തിൽ, ആത്മസ്വരൂപമായി, ഭഗവാനെ ദർശിക്കണം[4]. ഇതുകൊണ്ടു് ഒരുവൻ വ്യക്തിത്വം നശിച്ചു് കല്ലോ മരമോ ആയിത്തീരുകയാണ് ചെയ്യുന്നതു് എന്ന ആക്ഷേപം നാം പലപ്പോഴും വായിച്ചിട്ടുണ്ടു്. പക്ഷെ മുറിപാടു കണ്ടു ചിരിക്കുന്നവർ മുറിവേററിട്ടില്ല എന്നു തീർച്ച.

---

1 ആനന്ദം ബ്രഹ്മണോ വിദ്വാൻ ന ബിഭേതി കുതശ്ചന. (തൈ. 2.3)
രസോ വൈ സഃ രസം ഹ്യേവായം ലബ്ധ്വാഽഽനന്ദീ ഭവതി
കോ ഹ്യേവാന്യാത് കഃ പ്രാണ്യാദ് യദേഷ ആകാശ
ആനന്ദോ ന സ്യാത്. ഏഷ ഹ്യേവാനന്ദയാതി. (തൈ. 2.7)
ഏഷോഽസ്യ പരമ ആനന്ദഃ; ഏതസ്യൈവാനന്ദസ്യാന്യാനി
ഭൂതാനി മാത്രാമുപജീവന്തി. (ബൃ. 4.3.32)

2 സദേവ സോമ്യേദമഗ്ര ആസീദേകമേവാദ്വിതീയം. (ഛാ. 6.2.1)
ഐതദാത്മ്യമിദം സർവ്വം തത് സത്യം സ ആത്മാ. (ഛാ. 6.8.7)
മനസൈവേദമാപ്തവ്യം നേഹ നാനാസ്തി കിഞ്ചന. (ക. 4.11)

3 ശ്വേ. 6.11 (പു. 22 ചു. 2)
അശബ്ദമസ്പർശമരൂപമവ്യയം തഥാഽരസം നിത്യമഗന്ധവച്ച യത്
അനാദ്യനന്തം മഹതഃ പരം ധ്രുവം
നിചായ്യ തം മൃത്യുമുഖാത് പ്രമുച്യതേ. (ക. 3.15)
പ്രപഞ്ചോപശമം ശാന്തം ശിവമദ്വൈതം. (മാ. 7)

4 ബ്രഹ്മ വേദ ബ്രഹ്മൈവ ഭവതി. (മു. 3.2.9)
അയമാത്മാ ബ്രഹ്മ. (ബൃ. 4.4.5)
യോഽസാവസൗ പുരുഷഃ സോഽഹമസ്മി. (ഈ. 16)

അതുകൊണ്ടു് ഇതിങ്ങനെയൊന്നുമല്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഈ ചെറുശരീരത്തെക്കുറിച്ചുള്ള (ഞാനെന്ന) ബോധം ആസ്വാദിക്കുന്നതു സുഖമാണെങ്കിൽ രണ്ടു ശരീരങ്ങളെക്കുറിച്ചുള്ള അഭിമാനരസം അതിലും അധികം സുഖകരമായിരിക്കണമല്ലോ. ആത്മഭാവനക്കു് ആസ്പദമായിരിക്കുന്ന ശരീരങ്ങളുടെ എണ്ണം വദ്ധിക്കുന്ന ക്രമത്തിനു് ആനന്ദത്തിൻെറ അളവും വദ്ധിക്കും. ഇങ്ങനെ ഈ വിശ്വം മുഴവൻ വ്യാപിക്കുന്ന ആത്മഭാവം ഉണ്ടാകണം—ഈ പരമകാഷ്ഠയിൽ ആനന്ദവും നിരതിശയമാകുന്നു[1].

## അദ്വൈതം

ഇങ്ങനെ 'അഖിലം ഞാനിതെന്നു' തോന്നണമെങ്കിൽ ഈ ചെറു ചട്ടക്കൂട്ടിൽ ഞെരുങ്ങുന്ന 'ഞാൻ' എന്ന ഭാവം പൊളിയുക തന്നെ വേണം[2]. ഞാൻ സന്മയനായി കഴിഞ്ഞാൽ പിന്നെ അവിടെ മരണത്തിനു നിലയില്ല; ഞാൻ ആനന്ദമയനാകുമ്പോഴേ ആധിക്കു് അറുതിവരുന്നുള്ളു[3]; ചിന്മയനായാൽപിന്നെ അവിടെ അജ്ഞാനം അവസാനിച്ചു; ഈ തീരുമാനത്തിൽ തന്നെയാണു് ശാസ്ത്രവും (സയൻസും) അവശ്യം വന്നുചേരേണ്ടതു്. ശാരീരികമായ വ്യത്യസ്തവ്യക്തിഭാവം വെറും മിഥ്യയാണെന്നു് സയൻസു് എനിക്കു തെളിയിച്ചുതന്നിരിക്കുന്നു. അറുതിയില്ലാത്ത ജഡസമുദ്രത്തിൽ നിമിഷംതോറും മാറിക്കൊണ്ടിരിക്കുന്ന ഒരു ചെറിയ പോള മാത്രമാണു് വാസ്തവത്തിൽ എൻെറ ശരീരമെന്നു ശാസ്ത്രം തെളിയിക്കുന്നു. എൻെറ ജഡഭാവത്തിലുള്ള പരമാത്ഥം ഇതാണെങ്കിൽ ആത്മഭാവത്തിലും അദ്വൈത(ഐക്യ)സിദ്ധാന്തം അനിവാര്യമാണു്[4].

---

1 യോ വൈ ഭൂമാ തത്സുഖം നാല്പേ സുഖമസ്തി. യോ വൈഭൂമാ
തദമൃതമഥ യദല്പം തന്മത്ത്യം. (ഛാ. 7.23.1, 7.24.1)

2 മഘവൻ, മത്ത്യം വാ ഇദം ശരീരമാത്തം മൃത്യുനാ
തദസ്യാശരീരസ്യാമൃതസ്യാത്മനോഽധിഷ്ഠാനം. (ഛാ. 8.12.1)

3 യസ്മിൻ സർവ്വാണി ഭൂതാന്യാത്മൈവാഭൂദ്വിജാനതഃ
തത്ര കോ മോഹഃ കഃ ശോക ഏകത്വമനുപശ്യതഃ? (ഈ. 7)
ഏഷ സംപ്രസാദോഽസ്മാച്ഛരീരാത് സമുത്ഥായ പരംജ്യോതിരുപസംപദ്യ
സ്വേന രൂപേണാഭിനിഷ്പദ്യതേ സ ഉത്തമഃ പുരുഷഃ. (ഛാ. 8.12.3)

4 ആത്മനി ഖല്വരേ ദൃഷ്ടേ ശ്രുതേ മതേ വിജ്ഞാതേ ഇദം സർവ്വം വിദിതം.
(ബൃ. 4.5.6)
പരേഽവ്യയേ സർവ്വ ഏകീഭവന്തി (മു. 3.2.7)

മൌലികമായ ഐക്യം കണ്ടെത്തൽ മാത്രമാണ് ശാസ്ത്രം[1]. കേവലമായ ഐക്യം കണ്ടെത്തിയാൽ ശാസ്ത്രം അതിൻെറ ലക്ഷ്യം പ്രാപിച്ചു; പിന്നെ അതിനു് പുരോഗതിയില്ല. സകല പദാൎത്ഥങ്ങൾക്കും ആദികാരണമായ ഏക വസ്തുവിനെ കണ്ടുപിടിച്ചാൽ രസതന്ത്രത്തിനു് (കെമിസ്ട്രിക്കു്) പിന്നെ മുന്നേറ്റമില്ല. ഇതുപോലെതന്നെ ഒരു ആദികാരണശക്തിയിൽനിന്നു മറ്റെല്ലാം പ്രവൎത്തിക്കുന്നു എന്നു തെളിഞ്ഞാൽ ഊൎജ്ജതന്ത്രം (ഫിസിക്സ്) അവിടെ നിന്നുപോകും. മരണത്തിൽ മുങ്ങിയ ഈ വിശ്വത്തിൽ അമൃതസ്വരൂപനായും[2] അസ്ഥിരമായ ജഗത്തിൻെറ അചലമായ അടിസ്ഥാനമായും[3] എല്ലാ ജീവാത്മാക്കൾക്കും മായികസത്തയരുളുന്ന പരമാത്മാവായും[4] ഉള്ള ഒരു അദ്വിതീയവസ്തുവിനെ കണ്ടെത്തിയാൽ അദ്ധ്യാത്മശാസ്ത്രവും പൂൎണ്ണതയെ പ്രാപിക്കും. ഇങ്ങനെയാണു് നാനാത്വത്തിലും ദ്വൈതത്തിലുംകൂടെ അന്തിമമായ ഏകത്വത്തിൽ എത്തിച്ചേരുന്നതു്. ഇതിനപ്പുറം പോകാൻ മതത്തിനു കഴിവില്ല. സൎവ്വശാസ്ത്രങ്ങളുടേയും പരമലക്ഷ്യം ഇതാണു്.

സകലശാസ്ത്രങ്ങളും ഒടുവിൽ ഈ സിദ്ധാന്തത്തിൽ വന്നേ മതിയാവൂ. 'ആവിഷ്കരണ'മാണു് 'സൃഷ്ടി'യല്ല[5] ശാസ്ത്രം ഇന്നുപ

1 കസ്മിന്നു ഭഗവോ വിജ്ഞാതേ സർവ്വമിദം വിജ്ഞാതം ഭവതി? (മു. 1.1.3)
സർവ്വഭൂതേഷു യേനൈകം ഭാവമവ്യയമീക്ഷതേ
അവിഭക്തം വിഭക്തേഷു തജ്ജ്ഞാനം വിദ്ധി സാത്വികം. (ഗീ. 18.20)

2 ക്ഷരം പ്രധാനമമൃതാക്ഷരം ഹരഃ. (ശ്വേ. 1.9)

3 നിത്യോഽനിത്യാനാം ചേതനശ്ചേതനാനാം
ഏകോ ബഹൂനാം യോ വിദധാതി കാമാൻ
തമാത്മസ്ഥം യേഽനുപശ്യന്തി ധീരാ-
സ്തേഷാം ശാന്തിഃ ശാശ്വതീ നേതരേഷാം. (ക. 5.13)

4 തമേവ ഭാന്തമനുഭാതി സർവ്വം
തസ്യ ഭാസാ സർവ്വമിദം വിഭാതി. (ക. 5.15)

5 ഉള്ളതിനെ പ്രകാശിപ്പിക്കൽ ആവിഷ്കരണവും ഇല്ലാതിരുന്നതിനെ ഉണ്ടാക്കൽ സൃഷ്ടിയും. സത്കാൎയ്യവാദമെന്നും അസത്കാൎയ്യവാദമെന്നുമാണു് ഇവയെ യഥാക്രമം പറയാറു്. വേദാന്തി സത്കാൎയ്യവാദിയാണു്:—
യഥോൎണ്ണനാഭിഃ സൃജതേ ഗൃഹ്ണതേ ച
യഥാ പൃഥിവ്യാമോഷധയഃ സംഭവന്തി
യഥാ സതഃ പുരുഷാത് കേശലോമാനി
തഥാഽക്ഷരാത് സംഭവതീഹ വിശ്വം. (മു. 1.1.7)

യോഗിക്കുന്ന പദം. ഹിന്ദുവിനു് ഇതിൽ സന്തോഷമേ ഉള്ളു; അവൻ യുഗങ്ങളായി ഹൃദയപൂർവ്വം ലാളിച്ചുപോന്ന ആശയംതന്നെ ഇന്നു്, കുറേക്കൂടെ ശക്തിയായ ഭാഷയിൽ, ശാസ്ത്രത്തിൻെറ നവീനദശ്നനങ്ങൾകൊണ്ടു കിട്ടിയ കൂടുതൽ വെളിച്ചത്തിൽ, ലോകം പഠിക്കുവാൻ പോവുകയാണു് എന്നതിൽ അവൻ സന്തോഷിക്കുന്നതേ ഉള്ളു.

### വിഗ്രഹാരാധന

ഇനി, നമുക്കു തത്വജിജ്ഞാസയിൽനിന്നു പാമരമതത്തിലേക്കു് ഇറങ്ങുകതന്നെ. ഭാരതത്തിൽ അനേകദൈവതാരാധന ഇല്ലെന്നു് ഞാൻ ആദ്യംതന്നെ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ. ഓരോ അമ്പലത്തിലും ചെന്നു നിന്നു ചെവികൊടുത്തു കേട്ടാൽ അവിടത്തെ ഭക്തന്മാർ സർവ്വവ്യാപിത്വം അടക്കം ഈശ്വരനുള്ള എല്ലാ ദിവ്യഗുണങ്ങളും ഭഗവദ്വിഗ്രഹത്തിൽ കല്പിക്കുന്നതായി തെളിയും1. ഇതു് അനേകദേവതാവിശ്വാസമല്ല; പല ദൈവതങ്ങളിൽ ഒന്നിനു് കൂടുതൽ പ്രാമാണ്യം കൊടുക്കുന്ന സമ്പ്രദായമെന്നു പറഞ്ഞാൽ അതും പററുകയില്ല. എന്തു പേരു വിളിച്ചാലും കൊള്ളാം പനിനീർപൂവിൻെറ പരിമളത്തിനു കുറവൊന്നുമില്ല. നാമകരണം വിശദീകരണമല്ല.

---

തദേതത് സത്യം യഥാ സുദീപ്താത്പാവകാദ്വിസ്ഫുലിംഗാഃ
സഹസ്രശഃ പ്രഭവന്തേ സരൂപാഃ
തഥാऽക്ഷരാദ്വിവിധാഃ സോമ്യ ഭാവാഃ
പ്രജായന്തേ തത്ര ചൈവാപി യന്തി. (മു. 2.1.1)
യതോ വാ ഇമാനി ഭൂതാനി ജായന്തേ യേന ജാതാനി ജീവന്തി
യത്പ്രയന്ത്യഭിസംവിശന്തി
തദ് വിജിജ്ഞാസസ്വ തദ്ബ്രഹ്മേതി. (തൈ. 3.1)

1 വിഗ്രഹം വിശ്വാത്മകൻെറ പ്രതീകമാണു്. ഭഗവദ്വിഗ്രഹത്തെ അഭിഷേകം കഴിക്കുമ്പോൾ പുരുഷസൂക്തവും ദീപാരാധനക്കു് നാരായണാനുവാകവും മററും ചൊല്ലുന്നതു കേൾക്കുക:—

സഹസ്രശീഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത്
സ ഭൂമിം വിശ്വതോ വൃത്വാ അത്യതിഷ്ഠദ്ദശാംഗുലം.
പുരുഷ ഏവേദം സർവ്വം യദ്ഭൂതം യച്ച ഭവ്യം
ഉതാമൃതത്വസ്യേശാനോ യദന്നേനാതിരോഹതി. (പു. സൂ. 1.2)
യച്ച കിഞ്ചിജ്ജഗത്യസ്മിൻ ദൃശ്യതേ ശ്രൂയതേऽപി വാ
അന്തർബഹിശ്ച തത്സർവ്വം വ്യാപ്യ നാരായണഃ സ്ഥിതഃ. (നാ. 5)

ഒരു ക്രിസ്ത്യൻപാതിരി ഭാരതത്തിൽ ഒരു ആൾക്കൂട്ടത്തോടു പ്രസംഗിച്ചതു് എൻെറ കുട്ടിക്കാലത്തു കേട്ടതു് ഞാനോക്കുന്നു. അവരോടു് അയാൾ പറഞ്ഞ മധുരമായ സംഗതികളിൽ ഒന്നു് ഇതായിരുന്നു: “നിങ്ങളുടെ, ഈശ്വരവിഗ്രഹത്തിനു് എൻെറ വടികൊണ്ടു് ഒരടികൊടുത്താൽ അതിനു് എന്തുചെയ്യാൻ കഴിയും?” കേട്ടുനിന്നതിൽ ഒരാൾ കൊടുത്ത ചുട്ട മറുപടി ഇതായിരുന്നു: “ഞാൻ നിങ്ങളുടെ ദൈവത്തെ ശകാരിച്ചാൽ അയാൾക്കു് എന്തു ചെയ്യാൻ കഴിയും?” “ചാകുമ്പോൾ നിങ്ങളെ ശിക്ഷിക്കും”, എന്നായി പാതിരി. “എന്നാൽ താൻ ചാകുമ്പോൾ എൻെറ ഈശ്വരവിഗ്രഹം തന്നെ ശിക്ഷിക്കും”, എന്നു തിരിച്ചടിച്ചു, ആ ഹിന്ദു.

മരത്തെ അറിയുന്നതു് അതിൻെറ കായ്കൊണ്ടു വേണമല്ലോ. വിഗ്രഹാരാധനക്കാർ എന്നു വിളിക്കപ്പെട്ടുന്നവരുടെ കൂട്ടത്തിൽ മറെറങ്ങും കണ്ടിട്ടില്ലാത്ത അത്ര സദ്വൃത്തിയും അദ്ധ്യാത്മതയും പ്രേമവും ഉള്ളവരെ ഞാൻ കണ്ടിട്ടുണ്ടു്. ഇതു കാണുമ്പോൾ ഞാൻ തന്നത്താൻ നിന്നു ചോദിച്ചുപോകാറുണ്ടു് “പാപത്തിൽനിന്നു് പുണ്യം പിറക്കുമോ?” എന്നു്.

അന്ധവിശ്വാസം മനുഷ്യൻെറ ഒരു വലിയ ശത്രുവാണു്. എന്നാൽ അതിലും കഷ്ടമാണു് മററുള്ളതൊക്കെ വെറുക്കാൻ പഠിപ്പിക്കുന്ന സ്വമതാവേശം. ക്രസ്ത്യാനി പള്ളിയിൽ പോകുന്നതെന്തിനു്? കുരിശെന്തുകൊണ്ടു ദിവ്യമായി? പ്രാത്ഥിക്കുമ്പോൾ മുഖം എന്തുകൊണ്ടു് ആകാശത്തേക്കു തിരിയുന്നു? ഇതെന്താ, കത്തോലിക്കരുടെ പള്ളികളിൽ ഇത്രയേറെ വിഗ്രഹങ്ങൾ? പ്രോട്ടസ്റ്റൻറുകാർ ([illegible]) പ്രാത്ഥിക്കുമ്പോൾ അവരുടെ മനസ്സിൽ ഇത്രവളരെ വിഗ്രഹങ്ങളുള്ളതെന്തു്? എൻെറ സഹോദരരേ, നമുക്കു ശ്വസിക്കാതെ ജീവിക്കാമോ? അതുപോലെ അസാദ്ധ്യമാണു് മനഃകല്പിതമായ ബിംബമില്ലാതെ ഒന്നിനെക്കുറിച്ചു ചിന്തിക്കാൻ[1]. സാഹചയ്യനിയമം — അന്വയനിയമം—അനുസ

1 ഇങ്ങനെയുള്ള സഗുണോപാസനയെ പ്രസിദ്ധമായ ശാണ്ഡില്യവിദ്യയിൽ വിധിക്കുന്നു:—
സർവ്വം ഖല്വിദം ബ്രഹ്മ തജ്ജലാനിതി ശാന്ത ഉപാസീത. മനോമയഃ
പ്രാണശരീരോ ഭാരൂപഃ സത്യസങ്കല്പ ആകാശാത്മാ സർവ്വകമ്മാ
സർവ്വകാമഃ സർവ്വഗന്ധഃ സർവ്വരസഃ സർവ്വമിദമഭ്യാത്തോƒവാക്യനാദരഃ.
(ഛാ. 3.14.1,2)

രിച്ചു് ഭൌതികവിഗ്രഹം മനോഭാവത്തെയും മനോഭാവം ഭൌതികവിഗ്രഹത്തെയും അനുസ്മരിപ്പിക്കുന്നു. ഇതുകൊണ്ടാണു് ഹിന്ദു ആരാധനയ്ക്കു് ആലംബനമായി ഒരു ബാഹ്യപ്രതീകത്തെ ഉപയോഗിക്കുന്നതു്. ഏതു ദേവനെ ധ്യാനിക്കുന്നുവോ ആ ദേവനിൽ മനസ്സു സ്ഥിരമാക്കാൻ പ്രതീകം സഹായിക്കുന്നു എന്നു ഹിന്ദു പറയും[1]. വിഗ്രഹം ഈശ്വരനല്ലെന്നും അതു് സർവ്വവ്യാപിയല്ലെന്നും നിങ്ങളെപ്പോലെതന്നെ ഹിന്ദുവിനും അറിയാം. ആകട്ടെ, ലോകത്തിൽ ഉള്ള മിക്ക ആളുകൾക്കും 'സർവ്വവ്യാപി' ശബ്ദംകൊണ്ടു് എത്രത്തോളം അർത്ഥം തോന്നും? അതു് വെറും ഒരു വാക്കു്, ഒരു അടയാളം മാത്രം. ഈശ്വരനു് വിസ്തീർണ്ണമോ മറേറാ ഉണ്ടോ? ഇല്ലെങ്കിൽ സർവ്വവ്യാപി എന്നു ജപിക്കുമ്പോൾ വിസ്‌തൃതമായ വിണ്ടലത്തെയോ അന്തരീക്ഷത്തെയോ മാത്രമായിരിക്കും നാം ചിന്തിക്കുന്നതു്, അത്രേ ഉള്ളു.

എങ്ങനെയോ എന്തോ, നമ്മുടെ മനസ്സിൻെറ ഘടനയുടെ വിശേഷമനുസരിച്ചു്[2], അനന്തത എന്ന ആശയം നീലനിറം പൂണ്ട ആകാശത്തിൻെറയോ ആഴിയുടേയോ പ്രതീതിയോടു ചേർത്തു ഭാവന ചെയ്യേണ്ടിയിരിക്കുന്നു; ഇതു നമുക്കു് അനുഭവമാണല്ലോ. അങ്ങനെ പാവനതയെ കുറിച്ചുള്ള നമ്മുടെ ഭാവനയും സ്വാഭാവികമായി, പള്ളിയോടോ മസ്‌ജിദിനോടോ (മുസ്ലിം ദേവാലയം) കുരിശിനോടോ ഘടിപ്പിച്ചുകൊണ്ടാണു്. പാവനത, നൈർമ്മല്യം, സത്യം, സർവ്വവ്യാപിത്വം മുതലായ ഗുണങ്ങളെ ഹിന്ദുക്കൾ പല വിഗ്രഹങ്ങളോടും രൂപങ്ങളോടും ചേർത്തു കല്പിക്കുന്നു. എന്നാൽ ഒരു വ്യത്യാസമുണ്ടു്. ചിലർ അവരുടെ പള്ളി എന്ന വിഗ്രഹ

---

1 ലബ്ധാനുഗ്രഹ ആചാര്യ്യാത് തേന സന്ദർശിതാഗമഃ
മഹാപുരുഷമഭ്യർച്ചേന്മൂർത്ത്യാഭിമതയാത്മനഃ.
ആത്മാനം തന്മയം ധ്യായൻ മൂർത്തിം സംപൂജയേദ്ധരേഃ
ഏവമഗ്ന്യർക്കതോയാദാവതിഥൗ ഹൃദയേ ച യഃ
യജതീശ്വരമാത്മാനമചിരാന്മുച്യതേ ഹി സഃ. (ഭാ. 11.3.48,54,55)

2 ഗുണൈഃ സമാവൃതം ചേതഃ കഥം ജാനാതി നിർഗ്ഗുണം?
യാവന്ന ഗുണവിച്ഛേദസ്താവത്തദ്ദർശനം കുതഃ? (ദേ. ഭാ. 3.7.19,21)
ശ്രുതാ സ്ഥൂലം തഥാ സൂക്ഷ്മം രൂപം ഭഗവതോ യതിഃ
സ്ഥൂലേ നിർജ്ജിതമാത്മാനം ശനൈഃ സൂക്ഷ്മം നയേദിതി. (ഭാ. 5.26.39.)

ത്തിനു ജീവിതം മുഴുവൻ സമർപ്പിച്ചിട്ടു് അതിനുപരി തെല്ലും ഉയരുന്നതേ ഇല്ല[1]; അവർക്കു് മതം എന്നു പറഞ്ഞാൽ യുക്തികൊണ്ടു ചില തത്വങ്ങൾ സമ്മതിക്കുകയും സഹജീവികൾക്കു നന്മചെയ്യുകയും മാത്രമാണു്. എന്നാൽ ഹൈന്ദവധർമ്മത്തിന്റെ കേന്ദ്രം തന്നെ അപരോക്ഷാനുഭൂതിയാണു്. തന്റെ ആ ഈശ്വരത്വം അറിഞ്ഞു് മനുഷ്യൻ ഈശ്വരനാകണം[2]. വിഗ്രഹങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ, ഗ്രന്ഥങ്ങൾ എന്നിവ ഒരുവന്റെ ആദ്ധ്യാത്മികശൈശവത്തിൽ താങ്ങും തുണയും മാത്രമായിരിക്കും; എന്നാൽ അവൻ മുന്നോട്ടു മുന്നോട്ടു കേറിക്കൊണ്ടേ ഇരിക്കണം[3].

അവൻ ഒരിടത്തും നിന്നുകൂടാ. "ബാഹ്യമായ, ദ്രവ്യസഹിതമായ, പൂജ ഏറ്റവും താഴ്ന്ന നില; ഉയരാനുള്ള ഉത്സാഹവും മാനസികപൂജയും അതിന്റെ അടുത്ത പടി; ഭഗവദ്ദർശനമാണു് അത്യുത്തമപദം[4]" എന്നു ശാസ്ത്രങ്ങൾ പറഞ്ഞുതരുന്നു. കേട്ടോളൂ,

---

1 അഹം സർവ്വേഷു ഭൂതേഷു ഭൂതാത്മാവസ്ഥിതഃ സദാ
തമവജ്ഞായ മാം മർത്ത്യഃ കുരുതേഽർച്ചാവിഡംബനം.
യോ മാം സർവ്വേഷു ഭൂതേഷു സന്തമാത്മാനമീശ്വരം
ഹിത്വാർച്ചാം ഭജതേ മൗഢ്യാദ് ഭസ്മന്യേവ ജുഹോതി സഃ. (ഭാ. 29.21,22)

2 യദാത്മതത്വേന തു ബ്രഹ്മതത്വം
ദീപോപമേനേഹ യുക്തഃ പ്രപശ്യേത്
അജം ധ്രുവം സർവ്വതത്വൈർവിശുദ്ധം
ജ്ഞാത്വാ ദേവം മുച്യതേ സർവ്വപാശൈഃ. (ശ്വേ. 2.15)

3 അർച്ചാദാവർച്ചയേത്താവദീശ്വരം മാം സ്വകർമ്മകൃത്
യാവന്ന വേദ സ്വഹൃദി സർവ്വഭൂതേഷ്വവസ്ഥിതം.
അഥ മാം സർവ്വഭൂതേഷു ഭൂതാത്മാനം കൃതാലയം
അർഹയേദ്ദാനമാനാഭ്യാം മൈത്ര്യാഽഭിന്നേന ചക്ഷുഷാ.
മനസൈതാനി ഭൂതാനി പ്രണമേദ് ബഹുമാനയൻ
ഈശ്വരോ ജീവകലയാ പ്രവിഷ്ടോ ഭഗവാനിതി. (ഭാ. 3.29.25,27,34)

സൂര്യോഽഗ്നിർബ്രാഹ്മണോ ഗാവോ വൈഷ്ണവഃ ഖം മരുജ്ജലം
ഭൂരാത്മാ സർവ്വഭൂതാനി ഭദ്ര! പൂജാപദാനി മേ. (ഭാ. 11.11.42)

ശ്രവണം കീർത്തനം വിഷ്ണോഃ സ്മരണം പാദസേവനം
അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മനിവേദനം. (ഭാ. 7.5.23)

4 ഉത്തമം ബ്രഹ്മസദ്ഭാവോ ധ്യാനഭാവസ്തു മദ്ധ്യമഃ
അധമഃ സ്തോത്രപാഠാദി ബഹിഃപൂജാധമാധമാ. (മ. നി. ത.)

വിഗ്രഹത്തിന്റെ മുമ്പിൽ നമസ്കരിക്കുന്ന അതേ ഭക്തൻ പറയുന്നതു്; "അവനെ പ്രകാശിപ്പിക്കാൻ സൂര്യനു കഴിയുന്നില്ല; ചന്ദ്രനോ നക്ഷത്രങ്ങൾക്കോ സാദ്ധ്യമല്ല; മിന്നലിനും ശക്തിയില്ല; പിന്നെയാകട്ടെ നമ്മുടെ തീയ്ക്കു്. ഇതെല്ലാം അവനെക്കൊണ്ടു വിളങ്ങുന്നതേ ഉള്ളൂ"[1]. എങ്കിലും ഈ ഭക്തൻ അന്യരുടെ വിഗ്രഹങ്ങളെ ആക്ഷേപിക്കുകയോ അവരുടെ ആരാധന പാപമെന്നു പറയുകയോ ചെയ്യുന്നില്ല[2]. ജീവിതത്തിൽ അത്യാവശ്യമായ ഒരു ഘട്ടത്തെ അവൻ അതിൽ കാണുന്നു. "പിൽകാലത്തെ പ്രൌഢപുരുഷനെ ജനിപ്പിക്കുന്ന അച്ഛനാണു് ഇന്നത്തെ പിഞ്ചുപൈതൽ." ശൈശവമോ യൌവനമോ പാപമെന്നു് ഒരു വൃദ്ധൻ പറഞ്ഞാൽ അതു ശരിയാകുമോ?

ഒരു വിഗ്രഹത്തിന്റെ സഹായംകൊണ്ടു് ഒരുവനു തന്റെ ഈശ്വരസ്വരൂപത്തെ സാക്ഷാത്കരിക്കാൻ സാധിക്കുമെങ്കിൽ അതു പാപമെന്നു പറയുന്നതു ശരിയാണോ? മാത്രമല്ല ആ ഘട്ടം കഴിഞ്ഞാൽപോലും അതു തെററെന്നു പറയാൻ പാടില്ല. ഹിന്ദുവിന്റെ അഭിപ്രായത്തിൽ മനുഷ്യൻ അസത്യത്തിൽനിന്നു സത്യത്തിലേക്കു പോകുകയല്ല ചെയ്യുന്നതു്, എന്നാൽ സത്യത്തിൽനിന്നു സത്യത്തിലേക്കു്—താഴ്ന്ന സത്യത്തിൽനിന്നു് ഉയൎന്ന സത്യത്തിലേക്കു്—ആണു് പോകുന്നതു്. തീരെ താഴേക്കിടയിലുള്ള തത്വബോധമില്ലാത്ത വിഗ്രഹാരാധന മുതൽ അത്യുന്നതമായ അദ്വൈതസിദ്ധാന്തം വരെയുള്ള എല്ലാ മതങ്ങളും ഹിന്ദുവിന്റെ നോട്ടത്തിൽ മനുഷ്യാത്മാവു് അതിന്റെ ജന്മത്തിനും സാഹചര്യത്തിനും വിധേയമായി ബ്രഹ്മകൈവല്യപ്രാപ്തിക്കു ചെയ്യുന്ന അത്രയും പരിശ്രമങ്ങളാണു്. ഇവ ഓരോന്നുംതന്നെ പുരോഗതിയിലുള്ള ഓരോ പടവുകളാണു്. ഓരോ ജീവനും ഓരോ ഗരുഡശിശുവാണു്. അതു് ഉയൎന്നുയൎന്നു പറക്കുന്നു. ഉയരുംതോറും അതിനു

---

1 ന തത്ര സൂര്യോ ഭാതി ന ചന്ദ്രതാരകം
നേമാ വിദ്യുതോ ഭാന്തി കുതോഽയമഗ്നിഃ
തമേവ ഭാന്തമനുഭാതി സൎവ്വം
തസ്യ ഭാസാ സൎവ്വമിദം വിഭാതി. (കം. 5.15)

2 ആകാശാത് പതിതം തോയം യഥാ ഗച്ഛതി സാഗരം
സൎവ്വദേവനമസ്കാരഃ കേശവം പ്രതി ഗച്ഛതി.

കരുത്തു കൂടി വരുന്നു; ഒടുവിൽ അതു് പരംജ്യോതിസ്സിൽതന്നെ എത്തിച്ചേരുന്നു[1].

നാനാതത്വത്തിൽ ഏകതത്വം എന്നാണു് പ്രകൃതിനിയമം. ഇതു് ഹിന്ദുവിനറിയാം. മററു മതങ്ങൾക്കൊക്കെ ചില നിശ്ചിതസിദ്ധാന്തങ്ങളുണ്ടു്; അതു് സമുദായം അനുസരിച്ചേ ഒക്കൂ. സമുദായത്തിൻെറ മുമ്പാകെ വയ്ക്കാൻ അതിനു് ഒരു കുപ്പായം മാത്രമേ ഉള്ളൂ. അതു രാമനും കൃഷ്ണനും ഗോവിന്ദനുമൊക്കെ ഒരുപോലെ പാകമാവുകയും വേണം. രാമനോ കൃഷ്ണനോ അതു ചേരുന്നില്ലെങ്കിൽ അവൻ കുപ്പായമില്ലാതെതന്നെ കഴിഞ്ഞുകൊള്ളണം. അളവിൽ ഒതുങ്ങിയതിൽക്കൂടെ മാത്രമേ അളവിനപ്പുറത്തുള്ള കേവലമായതിനെ സാക്ഷാൽകരിക്കാനോ വിചാരിക്കുവാനോ പറയുവാനോ സാധിക്കൂ എന്നു് ഹിന്ദു കണ്ടുപിടിച്ചിട്ടുണ്ടു്. അതിനുള്ള അടയാളങ്ങൾ—ആത്മതത്വചിന്തകൾ സൌകയ്യമായി തൂക്കി ഇടുവാനുള്ള ആണികൾ—മാത്രമാണു് വിഗ്രഹം, കുരിശു്, അമ്പിളിക്കല എന്നിവ. ഈ സഹായം എല്ലാവക്കും വേണമെന്നല്ല പറഞ്ഞതു്, അതു വേണമെന്നില്ലാത്തവർ ഇതിനെ കുററപ്പെടുത്താൻ പോരേണ്ടെന്നു മാത്രം, അവക്കു് അതിനധികാരമില്ല. ഇതു് ഹിന്ദുധമ്മത്തിൽ നിർബ്ബന്ധമുള്ള ഒരു സംഗതിയുമല്ല[2].

ഒരു കായ്യം നിങ്ങളോടു പറഞ്ഞേ തീരൂ. വിഗ്രഹാരാധന ഭാരതത്തിൽ അത്ര ഭയങ്കരമായ സംഗതിയൊന്നുമല്ല. അതു് തേവിടിശ്ശിയുടെ തള്ളയും മററുമല്ല. നേരേ മറിച്ചു് പിഞ്ചുമനസ്സുകൾ ഉയൻ അദ്ധ്യാത്മതത്വങ്ങളെ എത്തിപ്പിടിക്കുവാൻ ചെയ്യുന്ന

1 ഒരേ വൃക്ഷത്തിലുള്ള രണ്ടു സുപണ്ണങ്ങളാണു് പരമാത്മാവും ജീവാത്മാവും. ജീവാത്മാവായ ഗരുഡശിശു പറന്നുയൻ് പരമാത്മാവായ പക്ഷിരാജനോടു ചേരുന്നു:—
യദാ പശ്യഃ പശ്യതേ രുക്മവണ്ണം
കത്താരമീശം പുരുഷം ബ്രഹ്മയോനിം
തദാ വിദ്വാൻ പുണ്യപാപേ വിധൂയ
നിരഞ്ജനഃ പരമം സാമ്യമുപൈതി. (മു. 3.1.3)

2 അച്ചാദിഷു യദാ യത്ര ശ്രദ്ധാ മാം തത്ര ചാച്ചയേത്
സവ്ഭൂതേഷ്വാത്മനി ച സവ്ാത്മാഽഹമവസ്ഥിതഃ. (ഭാ. 11.27.48)
യാവത്സവേഷു ഭൂതേഷു മദ്ഭാവോ നോപജായതേ
താവദേവമുപാസീത വാങ്മനഃകായവൃത്തിഭിഃ. (ഭാ. 11.29.19)

പരിശ്രമം മാത്രമാണ്. ഹിന്ദുക്കൾക്കു ചില ദോഷങ്ങളുണ്ട്, ചില പ്രത്യേകതകളുമവക്കുണ്ട്. എങ്കിലും ഒന്നു ഓൎത്തുകൊള്ളുക: അവർ സ്വന്തം ശരീരത്തെത്തന്നെ തപിപ്പിക്കുമെന്നല്ലാതെ ഒരിക്കലും അയൽപക്കക്കാരൻെറ കഴുത്തറക്കാൻ ഒരുങ്ങുന്നില്ല. യാഥാസ്ഥിതികത്വഭ്രാന്തുപിടിച്ച ഹിന്ദു പട്ടടയിൽ സ്വന്തം ശരീരം ദഹിപ്പിച്ചേക്കാമെങ്കിലും മററു മതക്കാരെ ഹോമിക്കാൻ തീയ് കൂട്ടാറില്ല. ക്രിസ്ത്യാനികൾ അനേകം മന്ത്രവാദിനികളെ ജീവനോടെ ചുട്ടു; ഇതു് അവരുടെ മതത്തിൻെറ കുററമല്ല. അതുപോലെ ഹിന്ദുവിൻെറ സ്വയംദഹനവും അവൻെറ ധൎമ്മത്തിൻെറ ഭാഗമാകുന്നില്ല.

### ലക്ഷ്യം ഒന്നു്

പലവിധത്തിലുള്ള സ്ത്രീപുരുഷന്മാർ ഓരോ നിലയിലും ചുററുപാടിലുംകൂടെ ഒരേ ലാക്കുവെച്ചു യാത്രചെയ്യൽ, എത്തിച്ചേരൽ, ആണു് ഹിന്ദുവിൻെറ നോട്ടത്തിൽ എല്ലാത്തരം മതസമ്പ്രദായങ്ങളും. ജഡത്തിൽ വിശ്വസിക്കുന്ന മനുഷ്യനിൽനിന്നു് ഈശ്വരനെ ആവിഷ്കരിക്കുകയാണു് ഓരോ മതവും ചെയ്യുന്നതു്; അതിനെല്ലാം പ്രചോദനം ചെയ്യുന്നതു് ഒരേ ഈശ്വരൻ തന്നെയാണതാനും. പിന്നെ ഇത്രവളരെ പൊരുത്തക്കേടുള്ളതെന്താണു്? അതൊക്കെ പുറത്തുമാത്രമെന്നാണു് ഹിന്ദുവിൻെറ സമാധാനം. പല പ്രകൃതിക്കാരുടെ പലതരം ചുററുപാടുകളുമായി ഒരേ സത്യം തന്നെ ഇണങ്ങിച്ചേരുമ്പോൾ ആ ഒരേ സത്യത്തിൽനിന്നാണു് പൊരുത്തക്കേടുകൾ വരുന്നതു് എന്നുമാത്രം.

പലനിറം കലൎന്ന ചില്ലുകളിൽക്കൂടെ ഒരേ വെളിച്ചം[1] തന്നെയാണു് വരുന്നതു്. സാഹചൎയ്യങ്ങൾക്കനുസരിച്ചു് ഇണങ്ങിപ്പാകമാകാൻ ചില്ലറ വൈരുദ്ധ്യങ്ങൾ വേണ്ടിവരുന്നു. എല്ലാത്തി

---

1 ഇന്ദ്രം മിത്രം വരുണമഗ്നിമാഹുരഥോ ദിവ്യഃ സുപൎണ്ണോ ഗരുത്മാൻ
ഏകം സദ്വിപ്രാ ബഹുധാ വദന്ത്യഗ്നിം യമം മാതരിശ്വാനമാഹുഃ. (ഋ. 1.164.46)

തദേവാഗ്നിസ്തദാദിത്യസ്തദ്വായുസ്തദു ചന്ദ്രമാഃ
തദേവ ശുക്രം തദ്ബ്രഹ്മ തദാപസ്തത് പ്രജാപതിഃ. (ശ്വേ. 4.2)
സൎവ്വ ഏവ യജന്തി ത്വാം സൎവ്വദേവമയേശ്വരം
യേഽപ്യന്യദേവതാഭക്താ യദ്യപ്യന്യധിയഃ പ്രഭോ. (ഭാ. 10.40.9)

ൻേറയും ഹൃദയത്തിൽ ഒരേ സത്യംതന്നെ കുടികൊള്ളുന്നു. ഭഗവാൻ കൃഷ്ണാവതാരത്തിൽ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: "മണിമാലയിലുള്ള ഓരോ മണിയിലുംകൂടി ഓടുന്ന ഒരേ നൂലുപോലെ എല്ലാ മതങ്ങളിലും ഞാൻ വർത്തിക്കുന്നു. അസാധാരണ പാവനതയും അസാധാരണശക്തിയും മനുഷ്യവർഗ്ഗത്തെ ഉയർത്തുകയും പരിശുദ്ധമാക്കുകയും ചെയ്യുന്നതായി എവിടെയൊക്കെ കാണുന്നുവോ അവിടെയൊക്കെ ഞാനുണ്ടെന്നു ധരിച്ചുകൊള്ളുക[1]." ഇതിൻെറ ഫലമോ? ഹിന്ദുവിനുമാത്രമേ മോക്ഷമുള്ളൂ, മറ്റാർക്കുമില്ല എന്ന വിധത്തിൽ ഒരു വാക്യമെങ്കിലും സംസ്കൃതത്തിലുള്ള തത്വദർശനങ്ങളിൽ ആദ്യന്തം എവിടെയെങ്കിലും കാണിച്ചുതരട്ടെ എന്നു ഞാൻ ലോകത്തെ മുഴുവൻ വെല്ലുവിളിക്കുന്നു. "നമ്മുടെ വർണ്ണാശ്രമങ്ങൾക്കു പുറത്തും ഉത്തമപുരുഷന്മാരെക്കാണാം[2]," എന്നു വ്യാസൻ പറയുന്നു. ഒരു കാര്യംകൂടെ. ഹിന്ദുവിൻെറ വിചാരവിധാനം മുഴുവൻ ഈശ്വരനെ കേന്ദ്രമാക്കിയിരിക്കെ അജ്ഞേയവാദാത്മകമായ ബുദ്ധമതത്തിലും നിരീശ്വരമായ ജൈനമതത്തിലും അവൻ എങ്ങനെ വിശ്വസിക്കാനാണ്?

ബൌദ്ധനും ജൈനനും ഈശ്വരനെ ആശ്രയിക്കുന്നില്ല. നരനിൽനിന്ന് നാരായണനെ പ്രകാശിപ്പിക്കുക എന്നതാണ് സർവ്വധർമ്മസത്യങ്ങളുടേയും കേന്ദ്രം; ആ കേന്ദ്രത്തിലേക്കാണു അവരുടെ മതത്തിൻെറയൊക്കെയും കഴിവുകൾ തിരിഞ്ഞിരിക്കുന്നതു്. അവർ പിതാവിനെ കണ്ടിട്ടില്ല, എന്നാൽ പുത്രനെ കണ്ടിട്ടുണ്ടു്. പുത്രനെ കണ്ടവൻ പിതാവിനേയും കണ്ടുകഴിഞ്ഞു.

### വിശ്വമതം

സഹോദരരേ, ഇതാണ് ഹിന്ദുധർമ്മതത്വങ്ങളുടെ ഒരു രത്നച്ചുരുക്കം. ഉദ്ദേശിച്ചതൊക്കെ നടപ്പിൽ വരുത്തുവാൻ ഹിന്ദുവിനു കഴിഞ്ഞിട്ടില്ലായിരിക്കാം. എന്നാൽ, എന്നെങ്കിലും ഒരു വി

---

1 മത്തഃ പരതരം നാന്യത്കിഞ്ചിദസ്തി ധനഞ്ജയ
മയി സർവ്വമിദം പ്രോതം സൂത്രേ മണിഗണാ ഇവ.
യദ്യദ്വിഭൂതിമത്സത്വം ശ്രീമദൂർജ്ജിതമേവ വാ
തത്തദേവാവഗച്ഛ ത്വം മമ തേജോഽംശസംഭവം. (ഗീ. 7.7;10.41)

2 അന്തരാ ചാപി തു തദ്ദൃഷ്ടേഃ. (ബ്ര. സൂ. 3.4.36)
ഋഷയോ മ്ലേച്ഛേഷ്വപി ജായന്തേ. (വാ.)

ശ്വമതം ഉണ്ടാകുമെങ്കിൽ അതു് ഏതു ദേശത്തും ഏതു കാലത്തും നടപ്പുള്ളതായിരിക്കണം. അതു കീർത്തിക്കുന്ന പരമേശ്വരനെപ്പോലെ ആ മതവും അനന്തവിസ്തൃതമായിരിക്കണം. ആ ധർമ്മസൂര്യന്റെ രശ്മികൾ കൃഷ്ണഭക്തന്മാരുടേയും, ക്രിസ്തുഭക്തന്മാരുടേയും, പുണ്യവാന്റേയും, പാപിയുടേയും മേൽ ഒരുപോലെ പ്രകാശിക്കണം[1]. അതു് ബ്രാഹ്മണ–(വൈദിക)–ബൌദ്ധ–ക്രൈസ്തവ–മാഹമ്മദ–ധർമ്മങ്ങളിൽ ഏതെങ്കിലും ഒന്നു മാത്രമായിരിക്കുകയില്ല, അതിന്റെയൊക്കെ ആകെത്തുകയായിരിക്കും; വളർന്നു വലുതാകാൻ അളവററ സ്ഥലം എന്നാലും ബാക്കി കാണും. വിശ്വപ്രേമനിർഭരമായ വിരിമാറിൽ ചേർത്തു് സർവ്വ മനുഷ്യരാശിയേയും അനന്തദീർഘമായ കരവല്ലരികളിൽ ഒതുക്കി ആശ്ലേഷിക്കുന്നതായിരിക്കണം അതു്. അതിൽ സർവ്വ മനുഷ്യർക്കും സ്ഥാനമുണ്ടായിരിക്കണം. കാട്ടുജന്തുക്കളുടെ കൂട്ടുകാരനായി മണ്ണിൽ ഉരുണ്ടുപിരളുന്ന വെറും കാട്ടുമാടൻ മുതൽ, ലോകരെല്ലാം കണ്ടു് അമാനുഷനോ എന്നു ശങ്കിച്ചു് ഭയഭക്തിബഹുമാനപൂർവ്വം ആശ്ചര്യപ്പെട്ടു് പകച്ചുനിന്നുപോകത്തക്കവിധം ബുദ്ധിശക്തിയാലും പ്രേമവായ്പിനാലും മനുഷ്യരാശിക്കുപരി ഉയർന്ന കീർത്തിസ്തംഭം പോലെ അത്യുന്നതനായ മഹാപുരുഷൻവരെ എല്ലാവർക്കും ആ ധർമ്മത്തിന്റെ വിശാലഹൃദയത്തിൽ സ്ഥാനമുണ്ടു്. ആരുടേയും സ്വധർമ്മനിഷ്ഠയെ ശിക്ഷിക്കുകയോ പൊറുക്കാതിരിക്കുകയോ അല്ല അതിന്റെ നയം. സർവ്വ സ്ത്രീപുരുഷന്മാരിലും ഒരേ ഈശ്വരചൈതന്യം ഉണ്ടെന്നു് ആ ധർമ്മം അംഗീകരിക്കും. ആ വിശ്വധർമ്മത്തിന്റെ ഉദ്ദേശ്യവും കഴിവും മുഴുവൻ മാനവവർഗ്ഗത്തെ അതിന്റെ സത്യവും സഹജവുമായ ദിവ്യസ്വരൂപത്തെ സാക്ഷാൽകരിക്കാൻ സഹായിക്കുന്ന കാര്യത്തിൽതന്നെ കേന്ദ്രീകരിച്ചിരിക്കും.

ഇങ്ങനെ ഒരു ധർമ്മം ലോകത്തിനു കൊടുക്കാമെങ്കിൽ എല്ലാ ജനതകളും നിങ്ങളുടെ പിന്നാലെ വരുന്നതാണു്. അശോകചക്രവർത്തിയുടെ ധർമ്മസഭ ബൌദ്ധസഭ മാത്രമായിരുന്നു. അൿബറുടേതു് ഈ ലക്ഷ്യത്തിലേക്കു് കുറേക്കൂടി അടുത്തതായിരുന്നു എങ്കിലും വാസ്തവത്തിൽ ഒരു സ്വകാര്യസമാജം മാത്രമായിരുന്നു. എല്ലാ

---

1 വിസൃജ്യ സ്മയമാനാൻ സ്വാൻ ദൃശം വ്രീഡാം ച ദൈഹികീം
പ്രണമേദ്ദണ്ഡവദ്ഭൂമാവാശ്വചണ്ഡാലഗോഖരം. (ഭാ. 11.27.16)

ധർമ്മങ്ങളിലും ഈശ്വരനുണ്ടെന്നു് സർവ്വ ദിഗന്തങ്ങളിലേക്കും ഉദ്ഘോഷിക്കുവാനുള്ള ഭാഗ്യം അമേരിക്കയ്ക്കാണു് കിട്ടിയതു്.

ഹിന്ദുക്കളുടെ ബ്രഹ്മവും, പാഴ്സികളുടെ അഹുറാ-മസ്ഡായും, ബൌദ്ധന്മാരുടെ ബുദ്ധനും, ജൂതന്മാരുടെ യഹോവയും, ക്രിസ്ത്യാനികളുടെ സ്വർഗ്ഗസ്ഥനായ പിതാവും ആയിരിക്കുന്ന ചിച്ഛക്തി ഈ ശുഭമായ ആശയം നടപ്പിലാക്കുവാൻ നിങ്ങൾക്കു കരുത്തു നൽകട്ടെ![1] (ജ്ഞാന)താരകം കിഴക്കുദിച്ചു; അതു മുറയ്ക്കു് പടിഞ്ഞാറോട്ടു നീങ്ങി; ചിലപ്പോൾ മങ്ങി, ചിലപ്പോൾ തിളങ്ങി, ഇങ്ങനെ അതു് ഭൂമിയ്ക്കു് ഒരു ചുററു ചുററി; ഇപ്പോൾ ഇതാ, അതേ കിഴക്കൻചക്രവാളത്തിൽ, അഭൂതപൂർവ്വം, ആയിരംമടങ്ങു ദീപ്തിയോടുകൂടി ബ്രഹ്മപുത്രാനദീതീരത്തിൽ വീണ്ടും ഉദയം ചെയ്യുന്നു.

സ്വാതന്ത്ര്യത്തിൻെറ ജന്മഭൂവായ കൊളംബിയാദേവി, ഭവതി വിജയിച്ചാലും! അയൽക്കാരൻെറ ചെഞ്ചോരയിൽ ഒരു കാലത്തും കൈ കഴുകാത്ത, അയൽക്കാരൻെറ അറ പൊളിക്കുന്നതിൽ പണപ്പെരുപ്പത്തിന്നെളുപ്പവഴി കാണാത്ത, ഭവതിക്കാണു് സൌഹാർദ്ദപതാകയുമേന്തി നാഗരികതയുടെ മുന്നണിയിൽ അണിനടക്കുവാനുള്ള മഹാഭാഗ്യമുണ്ടായതു്.

1 യം ശൈവാഃ സമുപാസതേ ശിവ ഇതി ബ്രഹ്മേതി വേദാന്തിനോ
ബൗദ്ധാ ബുദ്ധ ഇതി പ്രമാണപടവഃ കർത്തേതി നൈയായികാഃ
അർഹന്നിത്യഥ ജൈനശാസനരതാഃ കർമ്മേതി മീമാംസകാഃ
സോഽയം നോ വിദധാതു വാഞ്ഛിതഫലം ത്രൈലോക്യനാഥോ ഹരിഃ.

# മതമല്ല ഭാരതത്തിനിപ്പോഠം അത്യാവശ്യം

(1893 സെപ്തംബർ 20)

നല്ല വിമർശനം കേൾക്കാൻ ക്രിസ്ത്യാനികൾ എപ്പോഴും തയ്യാറായിരിക്കണം. ഞാൻ ചില ചില്ലറ വിമർശനങ്ങൾ ചെയ്താൽ നിങ്ങൾ പരിഭവിക്കുകയില്ലെന്നു വിശ്വസിക്കുന്നു. അല്ലയോ ക്രിസ്ത്യാനികളേ, അവിശ്വാസികളുടെ ആത്മാവിനെ രക്ഷിക്കുന്നതിനു് പാതിരിമാരെ അയക്കുവാൻ അത്യൽസുകരായ നിങ്ങൾ അവരുടെ ദേഹത്തെ പട്ടിണിയിൽനിന്നു രക്ഷിക്കുവാൻ എന്തുകൊണ്ടു തുനിയുന്നില്ല? ഭാരതത്തിൽ ഭയങ്കരമായ ക്ഷാമം ബാധിച്ച കാലങ്ങളിൽ, പട്ടിണി കിടന്നു് ആയിരക്കണക്കിനു് ആളുകൾ മരിച്ചപ്പോൾ നിങ്ങൾ, ക്രിസ്ത്യാനികൾ, ഒരുവസ്തു ചെയ്തില്ല. നിങ്ങൾ ഭാരതമൊട്ടുക്കു് പള്ളികൾ പണിയുന്നു; പൌരസ്ത്യർക്കു് മതമില്ലായ്മയല്ല ഇപ്പോഴത്തെ വലിയ കുഴപ്പം—അവക്കു മതം വേണ്ടുവോളം ഉണ്ടു്—എന്നാൽ വെന്തുനീറുന്ന ഭാരതത്തിലെ ആത്ത ലക്ഷങ്ങൾ വരണ്ട തൊണ്ടയോടെ വിളിച്ചു ചോദിക്കുന്നതു് അപ്പമാണു്. അവർ അപ്പം ചോദിക്കുന്നു, നാം കല്ലു കൊടുക്കുന്നു. പട്ടിണിപ്പാവങ്ങളോടു് ധമ്മം ഉപദേശിക്കുന്നതു് പരിഹാസമാണു്. വിശന്നു പൊരിയുന്നവൻെറ അടുക്കൽ തത്വജ്ഞാനം പ്രസംഗിക്കുന്നതു് അവനെ നിന്ദിക്കുകയാണു്. ഭാരതത്തിൽ പണത്തിനുവേണ്ടി ധമ്മം പ്രസംഗിക്കുന്ന പുരോഹിതൻ ജാതിഭ്രഷ്ടനാകും[1], അവൻെറ മേൽ ആളുകൾ കാക്കിച്ചുതുപ്പും. പട്ടിണികൊണ്ടു് പാടുപെടുന്ന എൻെറ നാട്ടുകാക്കു് സഹായം തേടിയാണു് ഞാൻ ഇവിടെ വന്നതു്. ക്രിസ്ത്യാനിയുടെ നാട്ടിൽ ക്രിസ്ത്യാനികളിൽനിന്നു് ക്രൈസ്തവേതരക്കു സഹായം കിട്ടുക എത്ര പ്രയാസമാണെന്നു് എനിക്കു നല്ലതുപോലെ മനസ്സിലായിക്കഴിഞ്ഞു.

---

1 പ്രതിഗ്രഹസമത്ഥോഽപി പ്രസങ്ഗം തത്ര വജ്ജയേത്
പ്രതിഗ്രഹേണ ഹ്യസ്യാശു ബ്രാഹ്മം തേജഃ പ്രശാമ്യതി.
അതപാസ്ത്വനധീയാനഃ പ്രതിഗ്രഹരുചിർദ്വിജഃ
അംഭസ്യശ്മപ്ലവേനേവ സഹ തേനൈവ മജ്ജതി. (മ. 4. 186,190)

# ബുദ്ധമതം ഹിന്ദുമതത്തിൻെറ പരിപൂർത്തി

(1893 സെപ്റ്റംബർ 26_ാംനു)

നിങ്ങൾ കേട്ടതുപോലെ ഞാനൊരു ബൗദ്ധനല്ല; എങ്കിലും ബൗദ്ധനാണുതാനും. ചൈനയോ ജപ്പാനോ സിലോണോ ആ ജഗദ്ഗുരുവിൻെറ ഉപദേശങ്ങൾ അനുസരിക്കുന്നെങ്കിൽ ഭാരതം അദ്ദേഹത്തെ ഈശ്വരാവതാരമായി ആരാധിക്കുന്നു. ഞാൻ ബുദ്ധമതത്തെ വിമർശിക്കുവാൻ പോവുകയാണെന്നു നിങ്ങളിപ്പോൾ കേട്ടു; അതുകൊണ്ടു് ഇത്രമാത്രമേ അർത്ഥമാക്കേണ്ടു. ഒരവതാരമായി ഞാനാരാധിക്കുന്ന ആ മഹാപുരുഷനിൽ ദോഷദർശനം ചെയ്യാൻ ഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ല. ബുദ്ധനെ അദ്ദേഹത്തിൻെറ ശിഷ്യന്മാർ ശരിക്കു മനസ്സിലാക്കിയിട്ടില്ലെന്നാണു് ഞങ്ങളുടെ അഭിപ്രായം. ഹിന്ദുമതവും — ഹിന്ദുമതംകൊണ്ടു് വൈദികമതമാണു് ഞാൻ വിവക്ഷിക്കുന്നതു്—ഇന്നത്തേ ബുദ്ധമതവും തമ്മിലുള്ള ബന്ധം ഏതാണ്ടു് യഹൂദമതവും ക്രിസ്തുമതവും തമ്മിലുള്ള ബന്ധംതന്നെയാണു്. യേശുക്രിസ്തു ഒരു ജൂതനായിരുന്നു. ശാക്യമുനി ഒരു ഹിന്ദുവുമായിരുന്നു. ജൂതന്മാർ ക്രിസ്തുവിനെ തിരസ്കരിച്ചു; അല്ല, കുരിശിൽ തറച്ചു കൊന്നു. ഹിന്ദുക്കൾ ശാക്യമുനിയെ സ്വീകരിക്കുകയും ഈശ്വരനായി ആരാധിക്കുകയും ചെയ്യുന്നു. ആധുനികബുദ്ധമതവും, ബുദ്ധദേവൻെറ ശരിയായ ഉപദേശങ്ങളെന്നു് ഹിന്ദുക്കളായ ഞങ്ങൾ കരുതുന്നവയും, തമ്മിൽ ഉള്ള വ്യത്യാസം പ്രധാനമായി ഇതിലാണു് ഇരിക്കുന്നതു്: ശാക്യമുനി പുതുതായൊന്നും പ്രചരിപ്പിക്കാൻ വന്നില്ല. ക്രിസ്തുവിനെപ്പോലെ അദ്ദേഹവും പൂർത്തിയാക്കാനാണു് വന്നതു്. തട്ടിത്തകർക്കാനല്ല. ഒരു വ്യത്യാസം മാത്രം: യേശുവിനെ സംബന്ധിച്ചിടത്തോളം പഴയ ജൂതന്മാരാണു് അദ്ദേഹത്തെ അറിയാതിരുന്നതു്; ബുദ്ധൻെറ കാര്യത്തിൽ അദ്ദേഹത്തിൻെറ അനുയായികളാണു് അദ്ദേഹത്തിൻെറ ഉപദേശങ്ങളുടെ അർത്ഥം മനസ്സിലാക്കാതിരുന്നതു്. ജൂതർ പുരാതനവേദപുസ്തകത്തിൻെറ (പഴയ നിയമത്തിൻെറ) പരിപൂർത്തി അറിയാതിരുന്നതുപോലെ ബൗദ്ധന്മാർ ഹിന്ദുധർമ്മത്തിൻെറ പൂർത്തീകരണത്തേയും അറിഞ്ഞില്ല. ഞാൻ വീണ്ടും പറയുന്നു, ശാക്യമുനി നശിപ്പിക്കാനല്ല വന്നതു്; അദ്ദേ

ഹം ഹിന്ദുധർമ്മത്തിൻെറ പൂർത്തീകരണവും, സ്വാഭാവികമായ വളർച്ചയും, ന്യായമായ പരിണാമവും മാത്രമാണ്.

ഹിന്ദുധർമ്മത്തിന്നു് രണ്ടു ഭാഗങ്ങളുണ്ടു്: കർമ്മകാണ്ഡവും, ജ്ഞാനകാണ്ഡവും. ജ്ഞാനകാണ്ഡം പ്രത്യേകം ശ്രദ്ധയോടുകൂടി സംന്യാസിമാർ പഠിക്കുന്നു. അതിൽ ജാതിഭേദമില്ല. ഉയർന്ന ജാതിയിലെ ഒരാളും താഴ്ന്ന ജാതിയിൽനിന്നൊരാളും സംന്യസിച്ചുകഴിഞ്ഞാൽ പിന്നെ അവർ ഒപ്പംതന്നെ. ധർമ്മത്തിൽ ജാതിയില്ല; ജാതി ഒരു സാമുദായികവ്യവസ്ഥ മാത്രമാണ്. ശാക്യമുനിതന്നെ ഒരു സംന്യാസിയായിരുന്നു. മറഞ്ഞുകിടന്ന മറകളിലെ സത്യങ്ങൾ പുറത്തു കൊണ്ടുവന്നു് ലോകമൊട്ടാകെ വിതരണം ചെയ്യാനുള്ള ഹൃദയവിശാലതയും മഹിമയും അദ്ദേഹത്തിനുണ്ടായിരുന്നു. ധർമ്മപ്രചരണം ലോകത്തിൽ ആദ്യം പ്രയോഗത്തിൽ കൊണ്ടുവന്നതു് അദ്ദേഹമാണ്—പോരാ, മതംമാററമെന്ന സംഗതിതന്നെ ആദ്യമായി കണ്ടുപിടിച്ചതു് അദ്ദേഹമാണ്.

സർവ്വഭൂതങ്ങളോടും, പ്രത്യേകിച്ച് അറിവില്ലാത്തവരോടും, പാവങ്ങളോടും ഉള്ള ആശ്ചര്യകരമായ അനുകമ്പയിലാണ് ആ ആചാര്യൻെറ അതുല്യമഹിമ. അദ്ദേഹത്തിൻെറ ചില ശിഷ്യന്മാർ ബ്രാഹ്മണരായിരുന്നു. ബുദ്ധൻ ധർമ്മപ്രചരണം നടത്തിയിരുന്ന അക്കാലത്തു് സംസ്കൃതം ഭാരതത്തിൻെറ വായ്മൊഴിയല്ലാതായിരുന്നു. അന്നു്, അതു് പണ്ഡിതന്മാരുടെ പുസ്തകങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. ബുദ്ധൻെറ ചില ബ്രാഹ്മണശിഷ്യന്മാർക്കു് അദ്ദേഹത്തിൻെറ ഉപദേശങ്ങൾ സംസ്കൃതത്തിലേക്കു് ഭാഷാന്തരപ്പെടുത്താൻ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം അവരോടു് തെളിച്ചുപറഞ്ഞു: "ഞാൻ പാവങ്ങളുടെ, സാധാരണക്കാരുടെ, ആളാണ്. ഞാൻ സാമാന്യജനങ്ങളുടെ ഭാഷയിൽ പറഞ്ഞുകൊള്ളട്ടെ". അതുകൊണ്ടു് ഇന്നുവരെയും അദ്ദേഹത്തിൻെറ ഉപദേശങ്ങളിൽ ഏറിയ ഭാഗവും അന്നത്തെ ഭാരതത്തിലെ വായ്മൊഴിയിലാണ് (പാലിയിൽ).

തത്വജ്ഞാനത്തിൻെറ നില എന്തുതന്നെയുമായിക്കൊള്ളട്ടെ, ദർശനങ്ങളുടെ നിലയും എന്തുതന്നെയുമായിക്കൊള്ളട്ടെ, മരണമെന്നൊരേർപ്പാടു് ലോകത്തിൽ ഉള്ളിടത്തോളം കാലം, മനുഷ്യഹൃദയത്തിൽ ദൗർബല്യം എന്നൊന്നു് ഉള്ളിടത്തോളം കാലം, ആ കഴിവുകേടുകൊണ്ടുതന്നെ ഒരു കരച്ചിൽ കരളുവിട്ടുയരുന്നിടത്തോ

ളം കാലം, ഈശ്വരനിൽ വിശ്വാസം ഉണ്ടായിരിക്കുകതന്നെ ചെയ്യും[1].

തത്വാന്വേഷണത്തിൻെറ വശത്തു് ആ പരമഗുരുവിൻെറ ശിഷ്യന്മാർ ഒരു ലയവുമില്ലാത്ത വേദങ്ങളാകുന്ന പാറകളിൽ ചെന്നു് തലതല്ലി, അതു തകക്കാൻ കഴിഞ്ഞില്ല; മറുവശത്തു് സകല സ്ത്രീപുരുഷന്മാരും സപ്രേമം ആശ്രയിച്ചിരുന്ന നിത്യനായ ഈശ്വരനെ അവർ ആളുകളിൽനിന്നു് എടുത്തുകളഞ്ഞു. അതിൻെറ ഫലമായി ബുദ്ധമതം ഭാരതത്തിൽ താനേ നശിച്ചു. ഇന്നാകട്ടെ, ഭാരതത്തിൽ—ബുദ്ധമതത്തിൻെറ ജന്മഭൂമിയിൽ—ബൗദ്ധനെന്നു് അഭിമാനിക്കുന്ന ഒരാളും ഇല്ല.

അതേസമയം, ബ്രാഹ്മണ (വൈദിക)ധർമ്മത്തിനും ചില നഷ്ടങ്ങൾ ഉണ്ടായി. പുരോഗമനത്തിനുള്ള ഉത്സാഹം, ഏവരോടുമുള്ള അത്ഭുതകരമായ അനുകമ്പ, സ്നേഹം, 'ഒരു ഹിന്ദുപോലും കളവു പറയുന്നതായിട്ടറിയുന്നില്ല, ഒരു ഹിന്ദുവനിതയും അസതിയെന്നു കേൾക്കാനില്ല' എന്നു് അന്നത്തെ ഭാരതത്തെക്കുറിച്ചു് ഒരു ഗ്രീക് ചരിത്രകാരൻ രേഖപ്പെടുത്തത്തക്കവിധം ബുദ്ധമതം ഭാരതീയസമുദായത്തിൽ പരത്തിയ ആശ്ചര്യകരമായ നവജീവൻ,—ഇവയെല്ലാം വൈദികധർമ്മത്തിനു് നഷ്ടമായി.

ഹിന്ദുധർമ്മത്തിനു് ബുദ്ധമതം കൂടാതെജീവിക്കാൻ കഴിയുകയില്ല; ബുദ്ധമതത്തിനു് ഹിന്ദുധർമ്മവും ഇല്ലാതെ നിവൃത്തിയില്ല. ഈ വേർപിരിയൽകൊണ്ടു് ഒരു പാഠം നാം ശരിക്കു് പഠിക്കണം: ബ്രാഹ്മണരുടെ തലയും തത്വചിന്തയും ഇല്ലാതെ ബുദ്ധമതത്തിനു് നിലയില്ല; ബുദ്ധൻെറ ഹൃദയമില്ലാതെ ബ്രാഹ്മണനും വാഴുകയില്ല. ബൗദ്ധരും ബ്രാഹ്മണരും തമ്മിൽ ഉണ്ടായ ഈ വേർപാടാണു് ഭാരതത്തിൻെറ അധഃപതനത്തിനു് കാരണം. ഭാരതം മുപ്പതുകോടി പിച്ചക്കാരെക്കൊണ്ടു നിറയാൻ കാരണം അതാണു്; കഴിഞ്ഞ ആയിരം കൊല്ലക്കാലമായി ആക്രമികളുടെ അടിമയായി ഭാരതം കഴിയാനും അതുതന്നെ കാരണം. അതുകൊണ്ടു്, നമുക്കിനി, ബ്രാഹ്മണൻെറ അത്ഭുതകരമായ മേധാശക്തിയെ ബുദ്ധഭഗവാൻെറ വിശാലഹൃദയത്തോടും മാഹാത്മ്യത്തോടും അപാരമായ ഭൂതാനുകമ്പയോടും ചേർത്തിണക്കുകതന്നെ.

---

1 കാ സവിതു് സാ ദേവതാ യസ്യാ മൃത്യുരന്നമിതി. (ബൃ. 3.2.10)
അസതോ മാ സദ്ഗമയ തമസോ മാ ജ്യോതിർഗമയ
മൃത്യോർമാ അമൃതം ഗമയ. (ബൃ. 1.3.28)

# സമാപനസമ്മേളനത്തിലെ പ്രസംഗം

(1893 സെപ്തംബർ 27-ാംനു-)

സർവ്വരാഷ്ട്രമതമഹാസമ്മേളനം സമംഗളം സമാപ്തമായിരിക്കുന്നു. കരുണാനിധിയായ ജഗത്പിതാവു് ഇതിൻെറ ഭാരവാഹികളുടെ പരിശ്രമത്തെ തുണയ്ക്കുകയും അവരുടെ നിസ്വാർത്ഥപ്രയത്നത്തിന്നു് വിജയംകൊണ്ടു മകുടം ചാർത്തുകയും ചെയ്തിരിക്കുന്നു.

ഈ അത്ഭുതസ്വപ്നം വിഭാവനം ചെയ്ത സത്യപ്രേമികളും വിശാലഹൃദയരുമായ മഹാത്മാക്കൾക്കു് എൻെറ കൃതജ്ഞത. ഈ സഭാമണ്ഡപത്തിൽ വഴിഞ്ഞൊഴുകിയ സൗമനസ്യപ്രകർഷത്തിനും എൻെറ നന്ദി. മതങ്ങൾ തമ്മിലുള്ള ഉരസൽ മയപ്പെടുത്തുവാൻ ഉതകുന്ന എല്ലാ ആശയങ്ങളും സാദരം ആസ്വാദിക്കുകയും എപ്പോഴും ഒരുപോലെ എന്നിൽ ദയപൊഴിക്കുകയും ചെയ്ത സംസ്കാരസമ്പന്നരായ സദസ്യർക്കും എൻെറ കൃതജ്ഞത. ഈ മധുരസംഗീതത്തിൽ ഇടക്കിടെ ചില അപസ്വരങ്ങൾ നാം കേട്ടല്ലൊ. അവരുടെ ആ സ്വരച്ചേർച്ചയില്ലായ്മകൊണ്ടുതന്നെ സംഗീതം കൂടുതൽ മധുരമായി; അതിന്നു് അവർക്കും എൻെറ പ്രത്യേക നന്ദി.

മതൈക്യത്തിനുവേണ്ടി ഒന്നിച്ചു കൂടാവുന്ന പൊതുമണ്ഡലത്തെക്കുറിച്ചു പലതും പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. എൻെറ സ്വന്തം സിദ്ധാന്തത്തെക്കുറിച്ചു ഞാൻ ഇപ്പോഴൊന്നും പറയുന്നില്ല. എന്നാൽ, ആരെങ്കിലും ഈ ഐക്യം ഏതെങ്കിലും ഒരു മതത്തിൻെറ വിജയവും മററുള്ളവയുടെ ധ്വംസനവുംകൊണ്ടാണു് ഉണ്ടാവുക എന്നു വിചാരിക്കുന്നെങ്കിൽ അയാളോടു ഞാൻ പറയുന്നു; "സോദരാ, താങ്കളുടേതു് നടക്കാത്ത ഒരു ആശയാണു്". ക്രിസ്ത്യൻ ഹിന്ദുവാകണമെന്നു ഞാൻ ആഗ്രഹിക്കുന്നുണ്ടോ? അതു് ഈശ്വരൻ വിലക്കട്ടെ. ഹിന്ദുവോ ബൗദ്ധനോ ക്രിസ്ത്യനാകണമെന്നു ഞാൻ വിചാരിക്കുന്നുവോ? അതും ഈശ്വരൻ തടയട്ടെ.

നിലമൊരുക്കി വിത്തു പാകി; മണ്ണും വെള്ളവും വായുവും അതിൻെറ ചുററിനും ഉണ്ടു്. വിത്തു്, മണ്ണോ വെള്ളമോ വായുവോ ആയിപ്പോകുമോ? ഇല്ല, അതു് ഒരു ചെടിയായിത്തീരുന്നു; അതു് അതിൻെറ പ്രകൃതിക്കനുസരിച്ചു വളരുന്നു; വായുവും വെ

ള്ളവും മണ്ണും തന്നിൽ ലയിപ്പിച്ച് സ്വാംശമാക്കി മാററുന്നു; അ തു് ചെടിയായി വളരുന്നു.

മതത്തിൻെറ കാര്യവും ഇതുപോലെയാണ്. ക്രിസ്ത്യൻ ഒരു ഹിന്ദുവോ ബൗദ്ധനോ ആകേണ്ട; ഹിന്ദുവോ ബൗദ്ധനോ ക്രിസ്ത്യനും ആകേണ്ട ആവശ്യമില്ല. എന്നാൽ ഓരോരുത്തരും മററുള്ളവരുടെ തത്വസാരം ഗ്രഹിക്കണം, എങ്കിലും അവനവൻെറ വ്യക്തിത്വം വിടാതെ സ്വസ്വഭാവമനുസരിച്ചു വളരുകയും ചെയ്യണം.

മതമഹാസമ്മേളനം ലോകത്തിനെന്തെങ്കിലും കാണിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതിതാണ്: ദിവ്യത്വവും പരിശുദ്ധിയും ഔദാര്യവും ലോകത്തിൽ ഒരു മതത്തിൻെറയും കുത്തകയല്ല. ഓരോ സമ്പ്രദായവും അത്യന്തം സുചരിത്രരായ സ്ത്രീപുരുഷന്മാരെ പ്രസവിച്ചിട്ടുമുണ്ട്. ഈ തെളിവിൻെറ മുമ്പിലും ആരെങ്കിലും പരമതങ്ങളൊക്കെ നശിച്ചു തങ്ങളുടെ മതം മാത്രം തുടൎന്നു ജീവിച്ചുകൊള്ളുമെന്നു സ്വപ്നം കാണുന്നുണ്ടെങ്കിൽ എനിക്കു് എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നു് അയാളുടെ പേരിൽ അനുകമ്പയുണ്ട്. കൂടാതെ, ഈ എതിർപ്പിനെ തെല്ലും വകവെക്കാതെ ഓരോ മതപതാകയിലും അടുത്ത അവസരത്തിൽതന്നെ ഇപ്രകാരം എഴുതപ്പെട്ടുമെന്നും ഞാൻ അയാൾക്കു് ചൂണ്ടിക്കാണിച്ചുകൊടുക്കട്ടെ: "സഹായിക്കുക, സമരമല്ല വേണ്ടതു്", "സാരാംശം സംഗ്രഹിക്കുക, സംഹാരമല്ല വേണ്ടതു്", "രഞ്ജിപ്പും ശാന്തിയും വേണം, ഭിന്നിപ്പല്ല വേണ്ടതു്[1]".

---

1 സംഗച്ഛധ്വം സംവദധ്വം സംവോ മനാംസി ജാനതാം
സമാനോ മന്ത്രഃ സമിതിഃ സമാനീ സമാനം മനഃ സഹ ചിത്തമേഷാം.
(ഋ. 10.191.2)

# വിവേകാനന്ദസാഹിത്യസർവ്വസ്വം.

ശ്രീമദ് വിവേകാനന്ദസ്വാമികളുടെ ശതാബ്ദജയന്തി '63-ൽ ഭാരതവർഷമൊട്ടാകെയും പുറത്തും മഹോത്സവമായി കൊണ്ടാട്ടം.

ഈ ശതാബ്ദജയന്തിക്കാലത്ത് നമുക്കു ചെയ്യാവുന്ന ഒരു വലിയ കാര്യം ഇംഗ്ലീഷിൽനിന്നും ബംഗാളിയിൽനിന്നും അതു മുഴുവൻ പുറത്തെടുത്തു മലയാളത്തിന്റെ പൊതുസ്വത്താക്കുക എന്നുള്ളതാണ്. ഇംഗ്ലീഷ്പതിപ്പിൽ എട്ടു ഭാഗങ്ങളുള്ള വിവേകാനന്ദസാഹിത്യസർവ്വസ്വം ഏഴായി വിഷയവിഭാഗം ചെയ്തു വിവർത്തനംചെയ്തു 1963-നകം പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ആംഗലഭാഷയിലായിരുന്നതിനാൽ അധികംപേർക്കും അപ്രാപ്യമായിരുന്ന വിവേകാനന്ദസാഹിത്യം—അഭയാമൃതസാഹിത്യം—കൈരളിക്കു കൈവരുന്നതും കൈവരുത്തുന്നതും ഒരു ഭാഗ്യമാണ്.

DISTRIBUTING LIBRARY
No.
KOTTAYAM.

ഒന്നാം ഭാഗം: **യോഗത്രയം.**
(1) കർമ്മയോഗം
(2) രാജയോഗം
(3) ഭക്തിയോഗം

രണ്ടാം ഭാഗം: **ജ്ഞാനയോഗം.**

മൂന്നാം ഭാഗം: **ഉത്തിഷ്ഠ ഭാരത!** (ഭാരതീയസന്ദർഭത്തിലുള്ള പ്രസംഗങ്ങളും പ്രബന്ധങ്ങളും)

നാലാം ഭാഗം: **തത്വാന്വേഷണം.**
(1) ധർമ്മപരിചയം
(2) ഹിന്ദുധർമ്മപരിചയം
(3) യോഗപരിചയം
(4) വേദാന്തപരിചയം.

അഞ്ചാം ഭാഗം: **കത്തുകൾ.**

ആറാം ഭാഗം: **സംഭാഷണങ്ങൾ.**

ഏഴാം ഭാഗം: **കഥകളും കവിതകളും മററും.**

ശ്രീ വിവേകാനന്ദസ്വാമികളുടെ

## നാലു യോഗങ്ങൾ

| | | | പുറം |
|---|---|---|---|
| കർമ്മയോഗം. | | രണ്ടാം പതിപ്പ് | 204 |
| രാജയോഗം. | (പൂർവ്വാർദ്ധം) | ,, | 122 |
| ഭക്തിയോഗം. | | ,, | 162 |
| ജ്ഞാനയോഗം. | (ഒന്നാംഭാഗം) | ഒന്നാം പതിപ്പ് | 345 |

എല്ലാത്തിലും, ശാസ്ത്രങ്ങളിൽനിന്നു പ്രമാണവാക്യങ്ങൾ ധാര ട്ടെഴുത്തായി ചേർത്തിട്ടുണ്ട്. ഇങ്ങനെ ശാസ്ത്രപ്രമാണസഹിതമായ ചതുഷ്ടയം ഇതുവരെയായി മലയാളത്തിൽ വന്നിട്ടുള്ളവയിലേക്കും പ്രാമാണികവും സമ്പൂർണ്ണവുമായ ഹിന്ദുധർമ്മപാഠപുസ്തകമാണ്.

## മററു പുസ്തകങ്ങൾ

| | പുറം | വ |
|---|---|---|
| **കർമ്മവും അതിൻെറ മർമ്മവും.** (ശ്രീ വിവേകാനന്ദസ്വാമികൾ) | 16 | 0– |
| **എൻെറ ജീവിതവും ജീവിതകൃത്യവും.** (ശ്രീ വിവേകാനന്ദസ്വാമികൾ) | 32 | 0– |
| **വിദ്യാഭ്യാസം.** (ശ്രീ വിവേകാനന്ദസ്വാമികൾ) | 112 | 1_ |
| **ശ്രീരാമകൃഷ്ണസൂക്തങ്ങൾ.** (ത്രിവർണ്ണ കവർ, പോക്കററ് സയിസ്) | 128 | 0_ |
| **ശ്രീ മാതൃദേവീസൂക്തങ്ങൾ.** (ത്രിവർണ്ണ കവർ, പോക്കററ് സയിസ്) | 114 | 0_ |
| **വിവേകാനന്ദസൂക്തങ്ങൾ.** (ത്രിവർണ്ണ കവർ, പോക്കററ് സയിസ്) | 128 | 0_ |
| **ഭജനാവലി.** (മന്ത്രങ്ങൾ, കീർത്തനങ്ങൾ, സ്തോത്രങ്ങൾ മൂന്നാം പതിപ്പ്) | 162 | 1. |
| **ഹിന്ദുധർമ്മോപനയനക്രിയാപദ്ധതി.** (ശ്രീ ഈശ്വരാനന്ദസ്വാമികൾ) | 16 | 0. |
| **കുട്ടികളുടെ ദിനചര്യ** | 44 | 0 |

(വിലയുടെ 10% പോസ്റ്റേജും പാക്കിങ്ങും; 10 ന. പ. യിൽ

## GOD-REALIZATION THROUGH REA

(Second Edition)

BY

Swami Iswarananda.

*THE* BOOK FOR THE MODERN MAN.

pp. 110 + xii Rs.

# KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. 294.504 Acc. No. 82239

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 4 AUG 2017 | | |
| 28 NOV 2017 | | |
| 31 DEC 2017 | | |
| 27 APR 2019 | | |
| 3 JUL 2021 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

294.504
VIV-C
82239

വിവേകാനന്ദസ്വാമികൾ
ചിക്കാഗോ പ്രസംഗങ്ങൾ

KOTTAYAM PUBLIC LIBRARY

Call No 294.504 Acc. No 82239

Author വിവേകാനന്ദ സ്വാമികൾ

Title ചിക്കാഗോ പ്രസംഗം.

Indic Digital Archive Foundation

gpura.org